2017
ജനുവരി 30
വാല്യം 10
ലക്കം 02

ബിലീവേഴ്സ് ജേണൽ
BELIEVERS JOURNAL

RNI. NO. KERMAL/2008/26530 POSTAL Reg. No. KL/TLA /225/2015 - 17 Price Rs: 10/- Pages: 12

# ചർച്ച് ഓഫ് ഗോഡ് കൺവൻഷൻ ആരംഭിച്ചു




94–ാമത് ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് കൺവൻഷൻ റവ. സി. സി. തോമസ് ഉദ്ഘാടനം ചെയ്യുന്നു

# കുമ്പനാട് കൺവൻഷന് അനുഗ്രഹ സമാപ്തി

**കുമ്പനാട്:** 93–ാമത് കുമ്പനാട് കൺവൻഷന് അനുഗ്രഹ സമാപ്തി. 15–ാം തീയതി ഞായർ വൈകിട്ട് 5.30 ന് ഐപിസി ജനറൽ സെക്രട്ടറി പാസ്റ്റർ കെ. സി. ജോണിന്റെ അദ്ധ്യക്ഷതയിൽ ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ ഉത്ഘാടനം ചെയ്ത ഈ വർഷത്തെ കൺവൻഷനിൽ വിവിധ ദിവസങ്ങളിൽ പാസ്റ്റേഴ്സ് സാംകുട്ടി ചാക്കോ, സണ്ണി കുര്യൻ, കെ. ജെ. തോമസ്, ജെയിംസ് ജോർജ്ജ്, ഫിലിപ്പ് പി. തോമസ്, ജേക്കബ് കെ. തോമസ്, സാം ജോർജ്ജ്, ബി. മോനച്ചൻ, ബേബി വർഗീസ്, ഷിബു



നെടുവേലിൽ, രാജു മേത്ര, കെ. സി. ജോൺ, ഷിബു തോമസ്, ബാബു ചെറിയാൻ, ഷാജി ഡാനിയേൽ, വിൽസൻ ജോസഫ്, തോമസ് ഫിലിപ്പ്, പ്രതാപ് സിംഗ്, എം. വി. വർഗീസ്, കെ. സി. തോമസ്, റവ. റ്റി. വത്സൻ ഏബ്രഹാം തുടങ്ങിയവർ പ്രസംഗിച്ചു.



# ഒരു സഹനത്തിന്റെ കഥ: അഞ്ജലിയുടെയും

2016 ഡിസംബർ 11 മലയാള മനോരമയുടെ സപ്ലിമെന്റിൽ വന്ന കഥയാണ് ഞങ്ങളെ അഞ്ജലിയുടെ ഭവനത്തിൽ എത്തിച്ചത്. പാസ്റ്റർ ഗ്ലാഡ്സൻ വി. കരോട്ടുമൊത്ത് മാവേലിക്കര ചെറുകോലുള്ള ഭവനത്തിലെത്തിയ ഞങ്ങളെ സ്വീകരിച്ചത് അഞ്ജലിയുടെ പുഞ്ചിരിക്കുന്ന മുഖമാണ്. ആ പുഞ്ചിരിയുടെ പുറകിൽ വലിയൊരു കഥയുണ്ട്. അതാണ് വൈദ്യശാസ്ത്രം സാധ്യമല്ല എന്ന് പറഞ്ഞിടത്ത് ദൈവത്തിലുള്ള അചഞ്ചലമായ വിശ്വാസവും ആശ്രയവും കൊണ്ട് മരണത്തെ തോല്പിച്ച പെൺകുട്ടിയുടെ കഥ. അത് ആരെയും അത്ഭുതപരതന്ത്രരാക്കും. ഒൻപതാം ക്ലാസ്സിൽ പഠിക്കുമ്പോൾ 14–ാം വയസ്സിൽ നൂറുമീറ്റർ ഓട്ടത്തിൽ ആലപ്പുഴ ജില്ലാ ചാമ്പ്യനായിരുന്ന അഞ്ജലി തുടർന്ന് ശരീരം നുറുങ്ങുന്ന വേദനയുമായി ഓടിത്തീർത്തത് ഒരു വ്യാഴവട്ടക്കാലം. വേദനയുടെ ദുരിതം തന്നെ വേട്ടയാടുമ്പോഴും പുഞ്ചിരിയോടെ ആ വേദനകളെ ആശ്ലേഷിച്ച അഞ്ജലി മറിയം മാത്യുവിന്റെ ജീവിതകഥ അവിശ്വസനീയമെന്ന് തോന്നുന്ന നിലയിൽ ഒരു ദൈവീക വിടുതലിന്റെ കഥ കൂടിയാണ്. തന്നിൽ ആശ്രയിക്കുന്നവരെ വിടുവിക്കുന്ന യേശുവിന്റെ സ്നേഹത്തിന്റെ കഥ.

വായിക്കുക –ഒരു സഹനത്തിന്റെ കഥ: അഞ്ജലിയുടെയും
വായിക്കുക– രണ്ടാം ഭാഗം ഫെബ്രുവരി 10 ലക്കത്തിൽ

## സാക്ഷി



ജനറൽ കൺവൻഷനുകളിൽ പെയ്ഡ് പ്രസംഗകർ വർദ്ധിക്കുന്നതായി പരാതി.

*ശുശ്രൂഷയുടെ ഗുണം കണ്ട് ആരും വിളിക്കുകയുമില്ല. മുകളിലോട്ട് പോകാൻ സാധ്യതയുമില്ല. പിന്നെ ഇതല്ലേ സാധിക്കൂ.*

# ക്യാപിറ്റോൾ ഹില്ലിലെ വിശ്വാസം

● പ്രകാശ് പി. കോശി

അമേരിക്കയിലെ ക്രൈസ്തവ ജനസംഖ്യ വളർച്ച നിരക്ക് താഴേക്കാണെങ്കിലും 115–ാമത്തെ യു. എസ്. കോൺഗ്രസിൽ ഭൂരിഭാഗം അംഗങ്ങളും ക്രൈസ്തവരാണ്.

Pew Research Center-ന്റെ സർവ്വേ പ്രകാരം പുതിയ യു. എസ്. കോൺഗ്രസിൽ 91% ശതമാനം പേരും ഏതെങ്കിലും സഭകളിൽ അംഗത്വമുള്ളവരാണ്. 293 – റിപ്പബ്ലിക്കൻ അംഗങ്ങളിൽ രണ്ട് യഹൂദരൊഴികെ 291–പേരും, 242 ഡെമോക്രാറ്റ് അംഗങ്ങളിൽ 80% പേരും ക്രൈസ്തവരാണ്. എല്ലാ മതവിഭാഗങ്ങളെയും പ്രതിനിധീകരിക്കാൻ ഡെമോക്രാറ്റുകൾക്ക് കഴിഞ്ഞു. ഇവരിൽ 28 പേർ യഹൂദരാണ്. മൂന്ന് ബാപ്റ്റിസ്റ്റുകാരും മൂന്ന് ഹിന്ദുക്കളും രണ്ട് മുസ്ലീങ്ങളും ഒരു യൂണിറ്റേറിയൻ അംഗവും ഡെമോക്രാറ്റ് പാർട്ടിയിൽ നിന്നുണ്ട്.



മതവിശ്വാസം പ്രഖ്യാപിക്കാത്ത 10 കോൺഗ്രസ് അംഗങ്ങളും ഡെമോക്രാറ്റ് പാർട്ടിയിൽ നിന്നുള്ളവരാണ്. 1961–62 കാലയളവിനുശേഷം ക്രൈസ്തവരുടെ അംഗസംഖ്യ വർദ്ധിക്കുന്നത് 115–ാമത്തെ കോൺഗ്രസിലാണ്. പ്രൊട്ടസ്റ്റന്റ് വിശ്വാസത്തിന്റെ വളർച്ച അമേരിക്കയിൽ പൊതുവേ കുറയുന്ന സമയത്ത് കോൺഗ്രസിലും അത് പ്രതിഫലിച്ചു. 1961–ൽ 75% കോൺഗ്രസ് പ്രതിനിധികളും പ്രൊട്ടസ്റ്റന്റുമായിരുന്നു എങ്കിൽ ഇപ്പോൾ അത് 56% മായി കുറഞ്ഞു. എന്നാൽ കത്തോലിക്കരുടെ പ്രാതിനിധ്യം 19%–ൽ നിന്ന് 31%ലേക്ക് കൂടി. അമേരിക്കൻ ജനസംഖ്യയുടെ അഞ്ച് ശതമാനം ഉള്ള പെന്തെക്കോസ്തുവിഭാഗത്തിന് രണ്ട് പ്രതിനിധികളെ കോൺഗ്രസിൽ അയക്കാൻ ഉള്ളൂ. കഴിഞ്ഞ കോൺഗ്രസിൽ മൂന്ന് അംഗങ്ങൾ പെന്തെക്കോസ്തു വിശ്വാസത്തിൽ നിന്നുണ്ടായിരുന്നു. പുതിയ കോൺഗ്രസിലെ ഈ രണ്ട് പ്രതിനിധികളും റിപ്പബ്ലിക്കൻ പാർട്ടിക്കാരാണ്.

ജനസംഖ്യയുടെ 2% മാത്രം ഉള്ള യഹൂദർക്ക് 30 അംഗങ്ങളെ കോൺഗ്ര

04

ബിലീവേഴ്സ് ജേണൽ
പത്രാധിപ സമിതി

രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്
ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ
വൈസ് ചെയർമാൻ
വിൽസൺ ജോർജ്ജ്
ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു
മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്
ഗൾഫ് എഡിറ്റർ
പാസ്റ്റർ ബിജു ജോയി
സർക്കുലേഷൻ മാനേജർ
ബ്രദർ കെ. റ്റി. ജോഷ്വാ കണ്ടങ്കേരിൽ
കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു
മലബാർ കോർഡിനേറ്റർ
പാസ്റ്റർ ജോബിൻ കെ. ജോൺ

**ബിലീവേഴ്സ് ജേണൽ**
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 200 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ആയുഷ്കാലം: 2000 രൂപ
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

**വരിസംഖ്യ അയയ്ക്കേണ്ട വിലാസം**
ബിലീവേഴ്സ് ജേണൽ
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105
Kerala, India

BELIEVERS JOURNAL
P.O.Box: 620742
Atlanta, GA 30362
USA

Mob: 09447368795 (INDIA)
OFFC: 0469 2666995
Ph: 001 - 678 - 571 - 6398
(USA)

E- mail
beljourn@gmail.com

Website
www.beljourn.com
www.beljourn.in

**അറിയിപ്പ്**
ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.
പത്രാധിപർ

## എഡിറ്റോറിയൽ

# പണം അടിസ്ഥാന ഘടകമാകുമ്പോൾ



**ബ്രദർ രാജൻ ആര്യപ്പള്ളിൽ**
**ചെയർമാൻ**

ഇത് ജനറൽ കൺവൻഷൻ കാലം, എല്ലാ പ്രസ്ഥാനങ്ങളും മത്സരിച്ചാണ് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നത്. കുമ്പനാട് കൺവൻഷനുവേണ്ടി ഒരുക്കിയ സ്ഥിരം സ്റ്റേജ് മനോഹരമായിരിക്കുന്നു. സ്റ്റേജിനിടയിൽ വിശാലമായ പ്രയർ ചേമ്പറും മനോഹരം. എയർ കണ്ടീഷൻ പ്രയർ റൂം. എല്ലാ ജനറൽ കൺവൻഷനുകൾക്കായും ഒരുക്കിയ പന്തലുകളും അതിമനോഹരം. എന്നാൽ എവിടെയും എന്തോ ഒരു കുറവ് അനുഭവപ്പെടുന്നു. ജീവന്റെ കുറവു തന്നെയാണ് ഫീൽ ചെയ്യുന്നത്. ഗായക സംഘവും അദ്ധ്യക്ഷത വഹിക്കുന്നവരും പ്രസംഗകരുമെല്ലാം അവരവരാൽ കഴിയുന്ന രീതിയിൽ ഇളക്കുവാനും ജീവൻ നൽകുവാനും ശ്രമിക്കുന്നുണ്ട്. എങ്കിലും പരിശ്രമങ്ങളെല്ലാം വൃഥാവാകുന്നു എന്നത് മാത്രം ബാക്കിയാകുന്നു. വൈകാരികമായ ചില ഇളക്കങ്ങൾ ഇടക്കിടെ ഉണ്ടാകുന്നുവെങ്കിലും അതെല്ലാം താൽക്കാലിക പ്രതിഭാസം മാത്രമായി മാറുന്നു. ഐ. പി. എസ് ഉദ്യോഗസ്ഥരേക്കാൾ ഗമയോടും തലക്കനത്തോടും നീങ്ങുന്ന പലപ്രസംഗകരും ആരോടും സംസാരിക്കുവാൻ പോലും തുനിയാതെ നടന്നകലുമ്പോൾ ഇവർ പ്രസംഗിക്കുന്ന യേശു മറ്റൊരു യേശുവാണെന്നു തോന്നിയാൽ കുറ്റം പറയാനാകുമോ? പൊതുവെ ഉയർന്നു കേൾക്കുന്ന ആരോപണം പണം വാങ്ങി പ്രോഗ്രാമുകൾ വിൽക്കുന്നുവെന്നതാണ്. പ്രാർത്ഥന മുതൽ പ്രസംഗം വരെയും ഇങ്ങനെ വിൽപന നടത്തുന്നതായാണ് പരാതി. സ്റ്റേജിലെ ഇരിപ്പിടവും ഇങ്ങനെ വിൽപ്പന നടത്താറുണ്ടത്രെ. ചിലരുടെ പ്രസംഗം കേൾക്കുമ്പോൾ ആരോപണങ്ങൾ ശരിയാണെന്നു ഉറപ്പായി വിശ്വസിച്ചുപോകും.

ഇന്ന് മിക്ക സ്റ്റേജുകളിലും അനർഹരാണ് പ്രസംഗകരായി എത്തുന്നത്. ദൈവകൃപയും പ്രസംഗപാടവം ഉള്ളവരായ ധാരാളം പ്രസംഗകർ സദസ്സിലിരിക്കുമ്പോഴാണ് ചിലർ സ്റ്റേജിൽ കോമാളി ഷോ നടത്തി ഇളിഭ്യരായി മടങ്ങുന്നത്. പ്രതീക്ഷയോടെ വരുന്ന ജനം വിശപ്പോടെ മടങ്ങുന്നു.

ഇന്ന് ഔദ്യോഗിക സ്ഥാനത്തിനും ശുശ്രൂഷയ്ക്കും അടിസ്ഥാന ഘടകം പണം മാത്രമായി മാറുന്നത് വലിയ അപകടത്തിലേക്കാണ് സഭയെ നയിക്കുന്നത്. ഏത് അനാത്മികനും പിന്മാറ്റക്കാരനുമൊക്കെ പിന്നാമ്പുറത്തു കൂടി സഭാ പ്രസ്ഥാനങ്ങളിൽ നുഴഞ്ഞുകടക്കുകയാണ്. ദ്രവ്യം കൊണ്ട് ദൈവത്തിന്റെ കൃപകളെയും നന്മയെയും വിലയ്ക്കു വാങ്ങുവാൻ ശ്രമിക്കുന്നവർക്ക് ലഭിക്കുന്ന ദൈവിക ശിക്ഷയും അത്തരക്കാരോടുള്ള സഭയുടെയും അപ്പോസ്തലന്മാരുടെയും നിലപാടും അറിയണമെങ്കിൽ അപ്പോസ്തല പ്രവർത്തികളുടെ പുസ്തകം ലേഖനങ്ങളും നന്നായി വായിച്ചു മനസിലാക്കണം.

എനിക്ക് ദുഃഖകരമായി പലപ്പോഴും തോന്നിയിട്ടുള്ളത് സഭാപ്രസ്ഥാനങ്ങളുടെ ചില ഘടകങ്ങളിലെങ്കിലും ഔദ്യോഗിക ഭാരവാഹികളായി ഇരിക്കുന്നവർ ആ സ്ഥാനത്തിന് യോഗ്യരോ അതുമായി ബന്ധമില്ലാത്തവരോ ആണ്. സഭയുടെ നേതാക്കന്മാർ പലരും പണം വാങ്ങുന്നവരും (കൈക്കൂലി) ശിങ്കിടികളെ സ്ഥാനമാനങ്ങൾക്കായി തിരികി കയറ്റുന്നവരുമാണ്. തങ്ങളുടെ നിലനിൽപ്പിനുവേണ്ടി വിട്ടുവീഴ്ചകൾ ചെയ്യുന്നവരും അനാത്മീകരെയും അനർഹരെയും ഉൾക്കൊണ്ടുപോകുന്നവരാണ്. ദൈവീക ശുശ്രൂഷയെന്ന തിരിച്ചറിവോടെയും ഒന്നാമതായി പ്രസാദിപ്പിക്കേണ്ടത് ദൈവത്തെ മാത്രമാണെന്ന തിരിച്ചറിവോടെയും നേതൃത്വം വഹിച്ചാൽ ഇതൊന്നും സംഭവിക്കില്ല. ഇവിടെ സിംഹാസനവും അധികാരത്തിന്റെ ചെങ്കോലും ഉറപ്പിക്കുവാനുള്ള ശ്രമത്തിൽ നേതൃത്വം നഷ്ടപ്പെടുത്തത് പെന്തെക്കോസ്തിന്റെ മൂല്യവും ദൈവവചനത്തിന്റെ പരിപാവനതയും ആണ്.

അഴിമതിയും സ്വജനപക്ഷപാതവും പെന്തെക്കോസ്ത് പ്രസ്ഥാനങ്ങളിൽ കൊടികുത്തി വാഴുകയാണ്. മാഫിയ സംഘങ്ങളെപ്പോലെ ഉള്ളവർ ഭരണകേന്ദ്രത്തിൽ വിലസുകയോ അതിനുള്ള അവസരങ്ങൾ തേടുകയോ ആണ്.

2017-ൽ നമുക്ക് ആഴമായ ഒരു മാനസാന്തരം ആവശ്യമായിരിക്കുന്നു. ആദിമകാലത്തെപ്പോലെ പിതാക്കന്മാർ കാണിച്ച പാതയിലൂടെ ഒരു യാത്രയ്ക്കായി നാമൊരുങ്ങണം. അതിൽ ത്യാഗമുണ്ട്, സമർപ്പണമുണ്ട്, ത്യജിക്കലുണ്ട്. വചനത്തിനുമുമ്പിൽ വിറയ്ക്കുന്ന അനുഭവവുമുണ്ട്. ഇവിടെ എന്തുലഭിക്കും എന്നതിനേക്കാൾ വരുവാനുള്ള ലോകത്തെക്കുറിച്ചുള്ള പ്രത്യാശയിലേക്ക് നാം മടങ്ങിവരണം. പണം അല്ല പ്രഥമ ആവശ്യം. ദൈവകൃപയാണ്.

## ലേഖനം

# ലോകം മാറുന്നു ഒപ്പം നമ്മളും



**പാസ്റ്റർ ഷൈജു തോമസ് ഞാറയ്ക്കൽ**

കറൻസി നിരോധനം മൂലം ഉപഭോഗ വാണിജ്യ മേഖലകൾ നേരിടുന്ന പ്രതിസന്ധിയും അതിന്റെ പരിഹാരമായി നിർദേശിക്കപ്പെടുന്ന ക്യാഷ് രഹിത ഡിജിറ്റൽ സാമ്പത്തിക ഇടപാടുകൾ എന്ന ആശയവും സമീപ കാലത്ത് വലിയ ചർച്ചയായിട്ടുണ്ട്. ഈ മാറ്റങ്ങൾ കാലഘട്ടത്തിന്റെ അനിവാര്യതയും സ്വാഗതാർഹമായ കാര്യവുമാണെന്നു സമ്മതിക്കുമ്പോൾ തന്നെ ഇന്ത്യൻ ജനതയിൽ എത്ര ശതമാനത്തിന് മൊബൈൽ ഫോൺ ഉപയോഗിച്ചുള്ള ക്രയവിക്രയത്തിന് പ്രാപ്തിയുണ്ടെന്നും അതിന്റെ സങ്കീർണതകൾ മനസിലാക്കാൻ കഴിയുമെന്നും ചിന്തിക്കേണ്ടിയിരിക്കുന്നു. സാങ്കേതിക വിദ്യയുടെ പ്രയോജനങ്ങളോടൊപ്പം തന്നെ സന്തത സഹചാരിയാണ് അതിന്റെ ദുരുപയോഗവും. അതിന്റെ ഉപയോഗവും അതിലുള്ള ചതിക്കുഴികളും ശ്രദ്ധയോടുകൂടി മനസിലാക്കിയില്ലെങ്കിൽ ഫലം അക്കൗണ്ടിലുള്ള പണം നഷ്ടപ്പെടൽ മാത്രമായിരിക്കില്ല, ഭാവിയിലേക്ക് നമ്മളറിയാതെ കടബാധ്യതകൾ വരെ വരുത്തിവച്ചേക്കാം. മൊബൈൽ പണമിടപാട് എന്താണെന്നും എങ്ങനെയാണെന്നും മനസിലാക്കേണ്ടത് സാങ്കേതിക വിദ്യ തെറ്റായി ഉപയോഗിക്കുന്നതിലൂടെ ഉണ്ടാകാവുന്ന നഷ്ടങ്ങൾ ഒഴിവാക്കാൻ സഹായിക്കും.

നമ്മുടെ രാജ്യവും സാങ്കതിക വിദ്യയുടെ ചുവടുപ്പിടിച്ച് ആദ്യ ആധാർ അധിഷ്ഠിത, കറൻസി രഹിത, പണമിടപാടു സംവിധാനത്തിന് ഐഡിഎഫ്സി ബാങ്കിലൂടെ തുടക്കം കുറിക്കുന്നു. യുണിക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യ (യുഐഡിഎഐ), നാഷണൽ പേയ്മെന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യ (എൻപിസിഐ) എന്നിവയുമായി സഹകരിച്ചാണ് ഐഡിഎഫ്സി ബാങ്ക് ആധാർ പേ പുറത്തിറക്കിയത്. ഏറ്റവും പുതിയ വിവരം അനുസരിച്ച് രാജ്യത്ത് ആധാർ കാർഡ് എടുത്തവരുടെ എണ്ണം 100 കോടി കവിഞ്ഞു. രാജ്യത്ത് 18 വയസ്സ് തികഞ്ഞവരിൽ 93 ശതമാനവും ആധാർ കാർഡ് ഉള്ളവരാണ്. അഞ്ചിനും 18നും ഇടയിൽ പ്രായമുള്ളവരി ൽ 67 ശതമാനവും അഞ്ചിനു താഴെയുള്ളവരിൽ 20 ശതമാനം പേർക്കും ആധാർ കാർഡ് ഉണ്ട്. കേന്ദ്രസർക്കാരിന്റെ ആനുകൂല്യങ്ങൾ നേരിട്ട് ഉപഭോക്താവിനു തന്നെ എത്തിക്കാൻ ആധാർ സഹായിക്കുമെന്നാണ് മനസ്സിലാക്കുവാൻ സാധിക്കുന്നത്. കഴിയുന്നത്ര വേഗത്തിൽ പദ്ധതി പൂർത്തീകരിക്കാനാണ് കേന്ദ്രസർക്കാർ ലക്ഷ്യമിടുമ്പോൾ. ആധാർ വിവരങ്ങൾ രഹസ്യമായി തന്നെ നിലനിർത്താൻ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഫോൺ ചോർത്തൽ ഉൾപ്പെടെയുള്ളവ ഇല്ലാതാക്കാൻ സുപ്രിംകോടതി മാർഗനിർദേശങ്ങൾ പാലിക്കുന്ന വിധത്തിലാണ് ആധാർ നിയമം. കണ്ണ്, കൈവിരൽ അടയാളം എന്നിവയുടെ വിവരങ്ങൾ ഒരിക്കലും മറ്റാരുമായും പങ്കുവയ്ക്കരുതെന്ന് ആവശ്യപ്പെടുമ്പോൾ തന്നെ പാചകവാതക സബ്സിഡി, സ്കോളർഷിപ്പ്, പെൻഷൻ, മറ്റ് ആനുകൂല്യങ്ങൾ എന്നിവ യഥാ ർഥ ഉപയോക്താവിനു തന്നെ കൈമാറുക എന്ന ഉദ്ദേശ്യത്തോടെയാണ് പദ്ധതി തുടങ്ങിയത്. എന്നാൽ കറൻസി നിരോധനത്തിലൂടെ ഭാരതത്തിനു നേരിടേണ്ടി വരുന്ന പ്രതിസന്ധി ഒഴിവാക്കാൻ പുതിയ പേയ്മെന്റ് സംവിധാനമാണ് ആധാർ പേ. പണമിടപാടുകൾ സുഗമമാക്കാൻ ആധാർ അധിഷ്ഠിത ഇവാലറ്റായ ഭീം അഥവാ ഭാരത് ഇന്റർഫേസ് ഫോർ മണി അതോടൊപ്പം എത്തിച്ചേർന്നു. കേവലം ഒരു വിരലടയാളം ഉപയോഗിച്ച് അല്ലെങ്കിൽ ക്യു ആർ കോഡ് ഉപയോഗിച്ച് ഇടപാടുകൾ നടത്താം എന്നുള്ളതാണ് ഭീമിന്റെ പ്രത്യേകത. ഈ സംവിധാന പ്രകാരം വ്യാപാരികളുടെ സ്മാർട്ട് ഫോണുകളിൽ ആധാർ പേ ലഭ്യമാക്കും. ഇകൈവസിയിലൂടെ ഐഡിഎഫ്സി ബാങ്കിൽ ചേരുന്ന വ്യാപാരികളുടെ സ്മാർട്ട് ഫോണിലേക്ക് ഒരു മണിക്കൂറിനുള്ളിൽ ആധാർ പേ ലിങ്ക് എസ്എംഎസായി എത്തും. ലിങ്കിൽ ക്ലിക്ക് ചെയ്ത് ആധാർ പേ ആപ്പ് ഡൗൺലോഡ് ചെയ്യാം. തുടർന്ന് ഫോണിനെ എസ്ടിക്യൂസി സർട്ടിഫൈ ചെയ്ത ആധാർ ബയോമെട്രിക് റീഡറുമായി കണക്റ്റ് ചെയ്ത് ഇടപാടിന് സജ്ജമാക്കും. ഉപഭോക്താവിന് കാർഡുകളോ മറ്റ് ആപ്ലിക്കേഷനുകളോ അക്കൗണ്ട് നമ്പറോ ഉപയോഗിക്കാതെ ഇടപാടു നടത്താൻ ആധാർ പേ സഹായകരമാവും. വിരലടയാളമാണ് പാസ്വേർഡ്. രാജ്യത്തുടനീളമുള്ള ദശലക്ഷക്കണക്കിന് വ്യാപാരികൾക്ക് ഉപഭോക്താക്കളുമായി പണരഹിത ഇടപാടുകൾ നടത്തുന്നതിന് ഐഡിഎഫ്സി ആധാർ പേ ഉപകരിക്കും. സ്വന്തമായി മൊബൈൽ ഫോൺ ഇല്ലാത്തവർക്കും ബാങ്ക് അക്കൗണ്ടിൽ ആധാർ ലിങ്ക് ചെയ്ത് ഡിജിറ്റൽ പേയ്മെന്റിലൂടെ ഇടപാടുകൾ നടത്താനാകുമെന്നതാണ് ഇതിന്റെ പ്രത്യേകത. ഉപഭോക്താക്കൾക്കും വ്യാപാരികൾക്കും ഇടപാട് ഫീസും ഉണ്ടായിരിക്കില്ല. ലോഞ്ച് ചെയ്ത് മൂന്നു ദിവസത്തിനകം നൂറിലധികം ഔട്ട്ലെറ്റുകൾ ഐഡിഎഫ്സി ആധാർ പേ ഉപയോഗിച്ചുതുടങ്ങിക്കഴിഞ്ഞു. ഇകൈവൈസിയിലൂടെ വ്യാപാരി ഐഡിഎഫ്സി ബാങ്കിൽ ചേരുന്നു. അൽപസമയത്തിനുള്ളിൽ വ്യാപാരിക്ക് ആധാർ പേ ആപ് ലിങ്ക് സ്മാർട്ഫോണിലൂടെ എസ്എംഎസ് ആയി ലഭിക്കുന്നു. ഫോൺ ആധാർ ബയോമെട്രിക് റീഡറുമായി കണക്ട് ചെയ്യുന്നു. ഉപഭോക്താവിന് പേരും ആധാർ നമ്പറും മാത്രം നൽകി ഇടപാടു നടത്താം. വിരലടയാളമാണ് പാസ്വേഡ്.

ഇങ്ങനെ ആരും പ്രതീക്ഷിക്കാത്ത തരത്തിൽ ഭാരതം ഡിജിറ്റലായി മാറുമ്പോൾ ഓർക്കണം വേദപുസ്തകം പറയുന്നത് അക്ഷരം പ്രതി നിറവേറുകയാണ്. ഇനി അതിന്റെ അടുത്ത ഘട്ടത്തിലേക്ക് കടക്കുമ്പോൾ ഈ പേയ്മെന്റുകൾ സുരക്ഷിതമോ എന്ന് ഏവരും ചിന്തിക്കണം. നോട്ട് പിൻവലിക്കലിനു പിന്നാലെ ഡിജിറ്റൽ പേയ്മെന്റിനുവേണ്ടി പ്രധാനമന്ത്രിയും സർക്കാരും ഇടയ്ക്കിടെ ആഹ്വാനം ചെയ്യുമ്പോഴും നിലവിലുള്ള ഈ വാലറ്റുകളുടെ സുരക്ഷാ സംവിധാനം ചോദ്യചിഹ്നം തന്നെയായി ബാക്കിയാവുന്നു. ഡിജിറ്റൽ പേയ്മെന്റിനായി ഇ വാലറ്റ്, എം വാലറ്റ് തുടങ്ങിയ സംവിധാനങ്ങളിൽ എത്രത്തോളം സുരക്ഷിതത്വമുണ്ടെന്ന് സംശയകരമാണെന്ന് വിദഗ്ധർ അഭിപ്രായപ്പെടുകയും ചെയ്യുന്നു. നോട്ട് പിൻവലിക്ക

04

# ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ കേരളാ സ്റ്റേറ്റ് 94–ാമത് കൺവൻഷന് ആശംസകൾ

## ആശംസ



**ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ 94–ാമത് ജനറൽ കൺവൻഷന് ആശംസകൾ**

പാസ്റ്റർ ജോൺസൺ ഡാനിയേൽ (ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ കേരളാ സ്റ്റേറ്റ് എഡ്യൂക്കേഷൻ ഡയറക്ടർ, കൗൺസിൽ അംഗം) ഭാര്യ: സൂസി ജോൺസൺ, മക്കൾ: ജോഷ്വാ, ജെറിയ, ജോയൽ

**ഫോൺ: 9447799659**

## ആശംസ



**ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ 94–ാമത് ജനറൽ കൺവൻഷന് ആശംസകൾ**

ബ്രദർ ജോസഫ് മറ്റത്തുകാല, ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ കേരളാ സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് സെക്രട്ടറി (മുൻ വൈ.പി.ഇ. സെക്രട്ടറി, മുൻ സ്റ്റേറ്റ് ബോർഡ് സെക്രട്ടറി). ഭാര്യ: ഡെയ്സി. മക്കൾ: ജിബിൻ, ഡോ. ജോജോ, ജിജോ. **ഫോൺ: 9446116827**

## ആശംസ



**ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ 94–ാമത് ജനറൽ കൺവൻഷന് ആശംസകൾ**

പാസ്റ്റർ തോമസുകുട്ടി ഏബ്രഹാം (ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ കേരളാ സ്റ്റേറ്റ് ജോ. സെക്രട്ടറി, കോന്നി ഡിസ്ട്രിക്ട് പാസ്റ്റർ)

ഭാര്യ: റിബേക്കാ. മക്കൾ:ഏബൽ, അഖിൽ

**ഫോൺ: 9447445057**

## ആശംസ



**ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ 94–ാമത് ജനറൽ കൺവൻഷന് ആശംസകൾ**

പാസ്റ്റർ വിനോദ് ജേക്കബ് (ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ തിരുവനന്തപുരം നോർത്ത് ഡിസ്ട്രിക്ട് പാസ്റ്റർ, കൗൺസിൽ അംഗം, ഹെബ്രോൻ ബൈബിൾ കോളജ് പ്രിൻസിപ്പാൾ, MZBC Lecturer). ഭാര്യ: റീത്താ വിനോദ്. മക്കൾ: ഗ്രീറ്റ്, ഗ്രഹാം

**ഫോൺ: 8547056012**

## ആശംസ



**ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ 94–ാമത് ജനറൽ കൺവൻഷന് ആശംസകൾ**

പാസ്റ്റർ ക്രിസ്റ്റഫർ റ്റി. രാജു (ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ ഇടുക്കി ഡിസ്ട്രിക്ട് പാസ്റ്റർ, കൗൺസിൽ അംഗം). ഭാര്യ: ഷൈനി,

മക്കൾ: ബെസലേൽ, ദാനിയേൽ, നഥനായേൽ

**ഫോൺ: 9495309974**

## ആശംസ



**ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ 94–ാമത് ജനറൽ കൺവൻഷന് ആശംസകൾ**

പാസ്റ്റർ വി. പി. തോമസ് (ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ കേരളാ സ്റ്റേറ്റ് പ്രെയർ ബോർഡ് ഡയറക്ടർ, പത്തനാപുരം ഡിസ്ട്രിക്ട് പാസ്റ്റർ).

**ഫോൺ: 9447270768**

## ആശംസ



**ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ 94–ാമത് ജനറൽ കൺവൻഷന് ആശംസകൾ**

പാസ്റ്റർ ഷിജു മത്തായി (ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ പുല്ലാട് ഗിൽഗാൽ)

ഭാര്യ: സുമ. മക്കൾ: ഷാലോൻ, ഷെയ്ൻ

**ഫോൺ: 9447410994**

## ആശംസ



**ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ 94–ാമത് ജനറൽ കൺവൻഷന് ആശംസകൾ**

പാസ്റ്റർ ബിനു തോമസ് (ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ ശാലേം ചർച്ച്, വട്ടാർകയം, റാന്നി ഈസ്റ്റ്).

ഭാര്യ: റീനാ ബിനു

മക്കൾ: ഗ്രീറ്റ്സൺ, ഗ്രീറ്റി

**ഫോൺ: 9847237055**

## ആശംസ



**ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ 94–ാമത് ജനറൽ കൺവൻഷന് ആശംസകൾ**

പാസ്റ്റർ ചാർളി വർഗീസ് (ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ ഹരിപ്പാട് ഗോസ്പൽ ടീം സെക്രട്ടറി, ഹോം മിഷൻ ബോർഡ് മെമ്പർ, ഹെവൻലി സിംഗേഴ്സ് ഡയറക്ടർ). ഭാര്യ: ജിജിലി ചാർളി. മക്കൾ: യെശയ്യാ, എസ്ഥേർ

**ഫോൺ: 9447596017 / 8075028616**

## ആശംസ



**ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ 94–ാമത് ജനറൽ കൺവൻഷന് ആശംസകൾ**

പാസ്റ്റർ പാസ്റ്റർ കെ. വി. ഫ്രാൻസിസ് (ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ ഏലപ്പാറ ഡിസ്ട്രിക്ട് പാസ്റ്റർ, സ്റ്റേറ്റ് കോർഡിനേറ്റർ ചാരിറ്റി ഡിപ്പാർട്ടുമെന്റ്

ഭാര്യ: ജൂലിയറ്റ് ഫ്രാൻസിസ്, മക്കൾ: അബിൻ ഫ്രാൻസിസ്, ഫേബാ ഫ്രാൻസിസ്

**ഫോൺ: 9446915357 / 7025790783**

## ആശംസ



**ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ 94–ാമത് ജനറൽ കൺവൻഷന് ആശംസകൾ**

പാസ്റ്റർ കെ. വി. ജോസഫ് (ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ ഇടമൺ 34)

ഭാര്യ: അനിത ജോസഫ്, മക്കൾ: ലിഡിയ, അനിറ്റ

**ഫോൺ: 9847166219**

## ആശംസ



**ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ 94–ാമത് ജനറൽ കൺവൻഷന് ആശംസകൾ**

പാസ്റ്റർ ബൈജു തങ്കച്ചൻ (ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ മൂന്നിലവ്, കാഞ്ഞിരപ്പള്ളി ഡിസ്ട്രിക്ട്), ഹോം മിഷൻ ബോർഡ് മെമ്പർ

ഭാര്യ: ഷിനി, മക്കൾ: അബിയ, കെസിയ

**ഫോൺ: 9744987241**

## ചോദ്യോത്തരവേദി

# പപ്പായപഴവും നാരങ്ങവെള്ളവും ഉപയോഗിച്ചുള്ള തിരുവത്താഴം

**ചോദ്യം:** അമേരിക്കയിലൊരുവൻ സ്മാർട്ട്ഫോണിനെ വിവാഹം കഴിക്കുകയും അത് പാസ്റ്റർ ആശീർവദിക്കുന്നതായും ഒരു ക്രിസ്തീയ പത്രത്തിൽ കാണുകയുണ്ടായി. ആധുനിക അപ്പൊസ്തലന്മാരിൽ ഒരുവൻ പപ്പായ പഴവും നാരങ്ങ വെള്ളവും ഉപയോഗിച്ച് തിരുവത്താഴം ആചരിച്ചതായി അറിയാനിടയായി. കാച്ചിൽ പുഴുക്കും കട്ടൻകാപ്പിയും ഉപയോഗിച്ച് കേരളത്തിൽ തന്നെ തിരുവത്താഴം നടത്തിയവരുണ്ടല്ലോ! കർത്താവിനെ ഓർക്കാൻ അപ്പവും വീഞ്ഞും ഉപയോഗിച്ചതെന്തിന്? **- സി.റ്റി. തോമസ്, നല്ലൂർപടവ്, ആനിക്കാട്**



ജോർജ്ജ് ഫിലിപ്പ്
തെക്കേക്കര

**ഉത്തരം:** നാല് കാരണങ്ങൾ അതിൽ അടങ്ങിയിരിക്കുന്നു. വായനക്കാർ കൂടുതൽ മനസ്സിലാക്കിയിട്ടുണ്ടെങ്കിൽ അറിയിക്കുക.

**1.** അനേകം ഗോതമ്പുമണികൾ ഉപയോഗിച്ചാണ് അപ്പം ഉണ്ടാക്കുന്നത്. അനേകം മുന്തിരിങ്ങ ഉപയോഗിച്ചാണ് വീഞ്ഞ് ഉണ്ടാക്കുന്നത്. അതുപോലെ അനേക വിശ്വാസികൾ എല്ലാവരും ക്രിസ്തുവിൽ ഒന്നാകുന്നു.

**2.** ഗോതമ്പുമണികൾ പൊടിച്ചും മുന്തിരി ഉടച്ചും മാത്രമേ അപ്പവും വീഞ്ഞും ഉണ്ടാക്കുവാൻ സാധിക്കയുള്ളു. അതുപോലെ കർത്താവിന്റെ ശരീരം തകർത്തും കർത്താവിന്റെ രക്തം ഒഴുക്കിയും മാത്രമേ മനുഷ്യർക്ക് രക്ഷ വരുത്തുവാൻ സാധിക്കുമായിരുന്നുള്ളു.

**3.** ജീവനുണ്ടാകാനും സമൃദ്ധിയായ ജീവനുണ്ടാകാനുമാണ് കർത്താവ് വന്നത്. അപ്പവും വീഞ്ഞും ശരീരം പോഷിപ്പിക്കുന്നതാണ്.

**4.** കർത്താവിന്റെ ഭൂമിയിലുള്ള ശരീരം ഇന്ന് വിശ്വാസികളാണ്(1കൊരി12:27; എബ്രായർ6:10; അപ്പ. പ്രവ 26:14,15). വിശ്വാസികളാണ് ഇതനുഷ്ഠിക്കേണ്ടത്; ഓർക്കേണ്ടത്. വിശ്വാസം ഇല്ലാത്തവർക്ക് ഏതു സാധനവും ഉപയോഗിച്ച് പത്രത്തിൽ കൂടി പ്രസിദ്ധനാകാം. കർത്താവ് സ്നേഹം മാത്രമല്ല, പ്രതികാരം ചെയ്യുന്നവനുമാണ് എന്നും ഓർക്കുന്നതും നല്ലതാണ്. "…. **ഇങ്ങനെയുള്ള കാര്യങ്ങൾക്കെല്ലാം പ്രതികാരം ചെയ്യുന്നത് കർത്താവ് ആകുന്നു"(1തെസ്സ:4:6).** "ആകയാൽ… നമുക്ക് നന്ദിയുള്ളവരായി ദൈവത്തെ പ്രസാദിപ്പിക്കുവാൻ തക്കവണ്ണം ഭക്തിയോടും ഭയത്തോടും കൂടെ ശുശ്രൂഷ ചെയ്യാം. **നമ്മുടെ ദൈവം ദഹിപ്പിക്കുന്ന അഗ്നിയല്ലോ**"(എബ്രായർ12:28,29)

അല്പസ്വല്പം വക്രതയോടുകൂടി ദൈവരാജ്യത്തെ സമീപിക്കുന്നവർ ദൈവത്തിന്റെ മറ്റൊരു സ്വഭാവവിശേഷതകൂടി അറിഞ്ഞിരിക്കുന്നത് നല്ലതാണ്. "ദയാലുവോടു കർത്താവു ദയാലു ആകുന്നു; നിഷ്കളങ്കനോടു കർത്താവു നിഷ്കളങ്കനാകുന്നു; നിർമ്മലനോടു കർത്താവു നിർമ്മലനാകുന്നു; **വക്രനോടു കർത്താവു വക്രത കാണിക്കുന്നു"** (സങ്കീർത്തനം 18:25,26). പല ക്രിസ്തീയ നേതാക്കളുടെയും കുടുംബത്തിൽ സമാധാനം അനുഭവിക്കാതിരിക്കുന്നതിനും മക്കൾ നേരായ വഴിയിൽ നടക്കാതിരിക്കുന്നതിനും കാരണം നേതാക്കളുടെ വക്രബുദ്ധി കൊണ്ടുള്ള ദൈവാനുഗ്രഹക്കുറവാണ്. സ്വന്തം അപ്പന്റെ വക്രതയും അഭിനയവും നേരിൽ കാണുന്ന മക്കൾക്കെങ്ങനെ കർത്താവിനെ കണ്ടെത്താൻ പറ്റും.

## 02 ലോകം മാറുന്നു....

ലിനെത്തുടർന്ന് രാജ്യത്ത് ഡിജിറ്റൽ പേയ്മെന്റ് സംവിധാനങ്ങൾ ഉപയോഗിക്കുന്നവരുടെ എണ്ണം കുത്തനെ വർധിച്ചു വരുമ്പോൾ. രാജ്യത്തെ വലിയ മൊബൈൽ വാലറ്റ് കമ്പനിയായ പേടിഎമ്മിൽ 70 ലക്ഷം ഇടപാടുകളാണ് ഈയിടെ മാത്രം രജിസ്റ്റർ ചെയ്തത്. മറ്റൊരു വാലറ്റായ മൊബികിക്കിന്റെ ലൈറ്റ് വേർഷൻ കഴിഞ്ഞമാസം അവസാനമാണ് പുറത്തിറക്കിയത്. അതിനുശേഷം ഇതിലൂടെ രജിസ്റ്റർ ചെയ്തത് 20 ലക്ഷം ഇടപാടുകൾ. എന്നാൽ രാജ്യത്തെ എ.ടി.എമ്മുകളിലൂടെയും നെറ്റ് ബാങ്കിലൂടെയും നിരവധി തട്ടിപ്പുകൾ ഇടയ്ക്കിടെ നടക്കാറുണ്ട്. വിദേശികൾക്കടക്കം നല്ലൊരു പങ്കുള്ള ഈ തട്ടിപ്പുകളിൽ അധികം പേരും പിടിയിലായിട്ടില്ല. പണം നഷ്ടപ്പെട്ടവർക്ക് പോയെന്നു മാത്രം. ഡിജിറ്റലൈസേഷൻ സൈബർ കുറ്റവാളികൾക്കെതിരെ കരുതൽ ശക്തമാക്കേണ്ടതിലേക്കാണ് ചൂണ്ടിക്കാണിക്കുന്നതെന്ന് ഇന്റൽ സെക്യൂരിറ്റി മാനേജിങ് ഡയരക്ടർ ആനന്ദ് രാമമൂർത്തി പറയുന്നു. ഐ.ടി നിയമപ്രകാരവും സൈബർ കുറ്റനിയമ പ്രകാരവും വാലറ്റുകൾക്കും ശക്തമായ സുരക്ഷയൊരുക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. ഇ വാലറ്റുകൾ അപകട സാധ്യത കൂടിയ മാധ്യമമാണെന്ന് ഐ.ടി റിസ്ക് അസെസ്മെന്റ് ആന്റ് ഡിജിറ്റൽ സെക്യൂരിറ്റി സേവന ദാതാക്കളായ ലൂസിഡോസിന്റെ വിഡിറ്റ് ബാക്സിയുടെ ഡയറക്ടർ പറഞ്ഞു. ഇനിയും സംഭവിക്കാൻ പോകുന്നത് കറൻസി രഹിത ഇടപാടുകൾ കുറ്റമറ്റതാക്കാൻ ഗവൺമെന്റിന് സാധിക്കാതെ വരും. എവിടെ നിന്നും തട്ടിപ്പിന്റെ പുതിയ കഥകൾ പുറത്ത് വരും അപ്പോൾ ഗവൺമെന്റ് പുതിയ കറൻസി രഹിത ഇടപാടിനായി ചിന്തിക്കും. അത് ചിപ്പിലേക്ക് മാറും ആദ്യം കൈകളിൽ കൊണ്ടു നടക്കാവുന്ന ചിപ്പുകൾ ആണെങ്കിലും അതും സുരക്ഷിതമല്ലാതാകുമ്പോൾ ശരീരത്തിൽ ചിപ്പ് ധരിക്കുവാൻ ഏവരും നിർബന്ധിതരാകും. അങ്ങനെ പ്രവചന നിവൃത്തി സംഭവിക്കും. അതിനിടയിൽ സഭ ഇവിടെ നിന്നും എടുത്തു കൊള്ളപ്പെടുകയും ചെയ്യും.

## ഉപവാസ പ്രാർത്ഥനയും ഉണർവ്വ് യോഗവും

**മാമംഗലം:** മാമംഗലം ചർച്ച് ഓഫ് ഗോഡ് സഭയുടെ ആഭിമുഖ്യത്തിൽ 21 ദിവസ ഉപവാസപ്രാർത്ഥനയും ഉണർവ്വ് യോഗങ്ങളും ഫെബ്രുവരി 6 മുതൽ 26 വരെ നടക്കും. റവ. സി. സി. തോമസ് (സ്റ്റേറ്റ് ഓവർസിയർ), പാസ്റ്റർമാരായ പി. ആർ. ബേബി, എബി ഏബ്രഹാം, റെജി ശാസ്താംകോട്ട, വൈ. റെജി, അനീഷ് കാവാലം, ബിജു മുളവന, പി. സി. ഏബ്രഹാം പുതുപ്പള്ളി തുടങ്ങിയവർ ശുശ്രൂഷിക്കും. എല്ലാ ദിവസവും രാവിലെ 10.30 മുതൽ 1 വരെയും വൈകിട്ട് 6.30 മുതൽ 8.30 വരെയും മീറ്റിംഗുകൾ നടക്കും. ഉച്ചകഴിഞ്ഞ് 3.30 മുതൽ 5 വരെ ബൈബിൾ ക്ലാസ്സ് നടക്കും. പാസ്റ്റർ ഏ. റ്റി. ജോസഫ് നേതൃത്വം നൽകും. കൂടുതൽ വിവരങ്ങൾക്ക്: ഫോൺ: 9446962865

## ആശംസ

ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ 94-ാമത്
ജനറൽ കൺവൻഷന് ആശംസകൾ.




## 01 ക്യാപിറ്റോൾ ഹില്ലി....

സിലേക്ക് അയക്കാനായി. അതുപോലെ തന്നെ ഒരു ശതമാനം മാത്രമുള്ള ഹിന്ദുവിഭാഗത്തിന് മൂന്ന് അംഗങ്ങളെ ലഭിച്ചു. ഇതിൽ പ്രമീളാ ജയപാൽ, അമിബേരാ, കമലാ ഹാരിസ് എന്നിവർ ഉൾപ്പെടുന്നില്ല.

റിപ്പബ്ലിക്കൻ പ്രതിനിധികളിൽ 67% പ്രൊട്ടസ്റ്റന്റും 27% പേർ കത്തോലിക്കരുമാണ്.

ഡെമോക്രാറ്റുകളിൽ 42% പ്രൊട്ടസ്റ്റന്റും 37% കത്തോലിക്കരുമാണ്. അമേരിക്കയുടെ ജനസംഖ്യയുടെ 22% വരുന്ന ഒരു വിശ്വാസത്തിലും ഉൾപ്പെടാത്ത വിഭാഗത്തിന് കോൺഗ്രസിൻ വളരെ ചെറിയ പ്രാതിനിധ്യം മാത്രമാണ് ലഭിച്ചത് അതായത് 0.2% മാത്രം.

114-ാമത്തെ കോൺഗ്രസിൽ ബാപ്റ്റിസ്റ്റുകാർക്ക് 79-അംഗങ്ങൾ ഉണ്ടായിരുന്നു. എങ്കിൽ പുതിയ കോൺഗ്രസിൽ അത് 72 ആയി ചുരുങ്ങി.

## "കെ. സി. ജോൺ: പ്രഭാഷണകൃപയുടെ സുവർണ്ണ ജ്വാല" – പുസ്തകം പുറത്തിറങ്ങുന്നു

**തിരുവല്ല:** ഇന്ത്യാ പെന്തക്കോസ്ത് ദൈവസഭ ജനറൽ സെക്രട്ടറിയും പ്രസിദ്ധ സുവിശേഷ പ്രസംഗകനുമായ പാസ്റ്റർ ഡോ.കെ.സി. ജോൺ എന്ന ബേബിച്ചൻ പ്രസംഗവേദിയിൽ 50 വർഷം പൂർത്തിയാക്കുകയാണ്. തലവടിയിലെ ഇടയത്ര എന്ന സാധാരണ കുടുംബത്തിൽ ജനിച്ച് ലോകത്തിന്റെ എല്ലാ വൻകരകളിലും സുവിശേഷത്തിന്റെ സാക്ഷിയായതാണ് തന്റെ ജീവിതം.

ഐപിസി ജനറൽ പ്രസിഡന്റ്, സ്റ്റേറ്റ് സെക്രട്ടറി, പി.വൈപി.എ പ്രസിഡന്റ് എന്നീ നിലകളിലും തന്റെ പ്രാഗത്ഭ്യം തെളിയിച്ചു. തിരുവല്ല സെന്ററിന്റെ ശുശ്രൂഷകനായിരിക്കുമ്പോൾ തന്നെ ലോകമെങ്ങുമുള്ള മലയാളികൾ ശ്രദ്ധയോടെ വീക്ഷിക്കുന്ന പവർ വിഷൻ ടിവി ചാനലിന്റെ സ്ഥാപകനുമാണ്.

പ്രസംഗത്തിന്റെ സുവർണ്ണജൂബിലിയോടനുബന്ധിച്ച് 2017 മാർച്ചിൽ അനുഭവങ്ങളും, ശുശ്രൂഷകളും, ഫോട്ടോകളും അടങ്ങിയ പുസ്തകം പുറത്തിറങ്ങുന്നു. നിങ്ങളുമായി ബന്ധപ്പെട്ട ശുശ്രൂഷാ/പരിചയ അനുഭവങ്ങൾ, ശുശ്രൂഷകൾ, ഫോട്ടോകൾ എന്നിവ ജനുവരി 31ന് മുൻപ് ചീഫ് എഡിറ്ററെയോ സെന്റർ സെക്രട്ടറി സുവി. അജു അലക്സിനെയോ ഏൽപ്പിക്കണം. വിലാസം: ജോജി ഐപ്പ് മാത്യൂസ്, മണക്ക് പുത്തൻപുരയിൽ, മേപ്രാൽ പി.ഒ.തിരുവല്ല-689591. email:jojiiype@yahoo.com, Ph: 9446392303, 9567675635

## ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ 94-ാമത് ജനറൽ കൺവൻഷന് ആശംസകൾ






പാസ്റ്റർ വൈ. ജോസ്. (കേരളാ സ്റ്റേറ്റ് ട്രഷറാർ, മല്ലപ്പള്ളി ഡിസ്ട്രിക്ട് പാസ്റ്റർ) അനുഗ്രഹീത ഗാനരചിയതാവായ ഇദ്ദേഹമാണ് 2017 ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് കൺവൻഷൻ തീം സോംഗ് രചിച്ചത്. ഭാര്യ: ജിജി ജോസ്. മക്കൾ: ജോജി ജോസ്, ജെറിൻ ജോസ്
jkallada2014@gmail.com
**ഫോൺ: 9446242107**

# ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ കേരളാ സ്റ്റേറ്റ് 94–ാമത് കൺവൻഷന് ആശംസകൾ

## ആശംസ



**ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ 94–ാമത് ജനറൽ കൺവൻഷന് ആശംസകൾ**

പാസ്റ്റർ ജോൺ ജോസഫ് (ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ ഇരിങ്ങാലക്കുട ഡിസ്ട്രിക്ട്, സ്റ്റേറ്റ് പ്രെയർ ബോർഡ് ട്രഷറാർ)
ഭാര്യ: ജാൻസി ജോൺ. മക്കൾ: നിസ്സി, പ്രെയ്സി, റിയ
**ഫോൺ: 8301871099**

## ആശംസ



**ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ 94–ാമത് ജനറൽ കൺവൻഷന് ആശംസകൾ**

ജോസ് എ. ജോർജ്ജ് (ബെഥേൽ ഹൗസ്, തുവയൂർ)
ഭാര്യ: കുഞ്ഞുമോൾ ജോസ്,
മക്കൾ: ജോസി ജോസ്, ജെസി ജോസ്
**ഫോൺ: 9447080763**

## ആശംസ



**ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ 94–ാമത് ജനറൽ കൺവൻഷന് ആശംസകൾ**

ബ്രദർ പോൾ രാജ് (ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ പത്തനാപുരം സെൻട്രൽ ചർച്ച്). റബ്ബർ വ്യാപാര രംഗത്ത് പ്രവർത്തിക്കുന്നു.
ഭാര്യ: ജോയമ്മ പോൾ, മക്കൾ: റിജോ, റിൻസി
**ഫോൺ: 9447065607**

## ആശംസ



**ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ 94–ാമത് ജനറൽ കൺവൻഷന് ആശംസകൾ**

പാസ്റ്റർ ജോൺസൺ തോമസ് (ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ മണ്ണാറക്കുളഞ്ഞി).
ഭാര്യ: ലില്ലിക്കുട്ടി ജോൺസൺ,
മക്കൾ: ജോയൽ ജോൺസൺ, ജോബിൻ ജോൺസൺ
**ഫോൺ: 9447214913**

## ആശംസ



**ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ 94–ാമത് ജനറൽ കൺവൻഷന് ആശംസകൾ**

പാസ്റ്റർ സാബു കൊച്ചുമ്മൻ (ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ കപ്പാട്). കാഞ്ഞിരപ്പള്ളി ഡിസ്ട്രിക്ട് സണ്ടേ സ്കൂൾ സെക്രട്ടറി, പി.സിഐ.യൂണിറ്റ് സെക്രട്ടറി, കോട്ടയം സോണൽ സണ്ടേസ്കൂൾ കോർഡിനേറ്റർ, ഹോം മിഷൻ കോർഡിനേറ്റർ. ഭാര്യ: ജോബി സാബു. മക്കൾ: ഏയ്ഞ്ചൽ, അനുഗ്രഹ. **ഫോൺ: 9446188004 / 9061214725**

## ആശംസ



**ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ 94–ാമത് ജനറൽ കൺവൻഷന് ആശംസകൾ**

പാസ്റ്റർ വി. എ. മാത്യു (ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ നീലിപ്ലാവ് ചിറ്റാർ).
ഭാര്യ: സിസിലി മാത്യു,
മക്കൾ: ജെഫിൻ, ജോയൽ, ജെസ്ലിൻ
**ഫോൺ: 9947174052 / 7561800231**

## ആശംസ



**ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ 94–ാമത് ജനറൽ കൺവൻഷന് ആശംസകൾ**

പാസ്റ്റർ വി. എ. തോമസ് (ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ പഴവങ്ങാടി, റാന്നി വെസ്റ്റ്)
ഭാര്യ: ലിസി, മക്കൾ: ജീന സൂസൻ, ജിജോ
**ഫോൺ: 9446137961**

## ആശംസ



**ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ 94–ാമത് ജനറൽ കൺവൻഷന് ആശംസകൾ**

പാസ്റ്റർ റോബിൻ സി. റോയി (ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ പള്ളിക്കര, ആലുവ ഡിസ്ട്രിക്ട്)
ഭാര്യ: ഷെർളിൻ, മകൻ: ജെയ്ഡൻ
**ഫോൺ: 9947161022**

## ആശംസ



**ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ 94–ാമത് ജനറൽ കൺവൻഷന് ആശംസകൾ**

പാസ്റ്റർ ബാബുജി ജോഷ്വാ (ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ എലിമുള്ള്, കോന്നി)
ഭാര്യ: ഹെപ്സി, മക്കൾ: ജോയൽ, ബെയൂല സാറാ
**ഫോൺ: 9847696915**

## ആശംസ



**ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ 94–ാമത് ജനറൽ കൺവൻഷന് ആശംസകൾ**

പാസ്റ്റർ പി. ജെ. ജെയിംസ് (ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ അതുമ്പുംകുളം) ഭാര്യ: സിമി ജെയിംസ്
മക്കൾ: ജോഹാനാ, ജുവൽ
**ഫോൺ: 8281867024**

## ആശംസ



**ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ 94–ാമത് ജനറൽ കൺവൻഷന് ആശംസകൾ**

പാസ്റ്റർ ജോർജ്ജ് സാമുവേൽ (ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ പയ്യനാമൺ)
ഭാര്യ: ജിജി ജോർജ്ജ്, മക്കൾ: റിജോയ്സ്, ക്രിസ്മ
**ഫോൺ: 9495436050**

## ആശംസ



**ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ 94–ാമത് ജനറൽ കൺവൻഷന് ആശംസകൾ**

പാസ്റ്റർ ജോസ് ബേബി (ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ കൊടുമൺ)
ഭാര്യ: മിനി, മക്കൾ: ജോഷ്വാ, ഫേബാ
**ഫോൺ: 9496869985 / 9846666985**










# ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ കേരളാ സ്റ്റേറ്റ് ചാരിറ്റി & വെൽഫെയർ ഡിപ്പാർട്ട്മെന്റ്


പാസ്റ്റർ വൈ. റെജി


പാസ്റ്റർ ജോൺസൺ ജോർജ്ജ്


പാസ്റ്റർ കെ. വി. ഫ്രാൻസിസ്

“എനിക്കു വിശന്നു നിങ്ങൾ ഭക്ഷിപ്പാൻ തന്നു; ദാഹിച്ചു നിങ്ങൾ കുടിപ്പാൻ തന്നു. ഞാൻ അതിഥിയായിരുന്നു നിങ്ങൾ എന്നെ ചേർത്തുകൊണ്ടു. നഗ്നനായിരുന്നു നിങ്ങൾ എന്നെ ഉടുപ്പിച്ചു; രോഗിയായിരുന്നു, നിങ്ങൾ എന്നെ കാണ്മാൻ വന്നു; തടവിൽ ആയിരുന്നു, നിങ്ങൾ എന്റെ അടുക്കൽ വന്നു. അതിനു നീതിമാന്മാർ അവനോടു; കർത്താവേ, ഞങ്ങൾ എപ്പോൾ നിന്നെ വിശന്നുകണ്ടിട്ടു ഭക്ഷിപ്പാൻ തരികയോ ദാഹിച്ചുകണ്ടിട്ടു കുടിപ്പാൻ തരികയോ ചെയ്തു? ഞങ്ങൾ എപ്പോൾ നിന്നെ അതിഥിയായി കണ്ടിട്ടു ചേർത്തുകൊൾകയോ നഗ്നനായി കണ്ടിട്ടു ഉടുപ്പിക്കയോ ചെയ്തു? നിന്നെ രോഗിയായിട്ടോ തടവിലോ എപ്പോൾ കണ്ടിട്ടു ഞങ്ങൾ നിന്റെ അടുക്കൽ വന്നു എന്നു ഉത്തരം പറയും. കർത്താവ് അവരോടു; എന്റെ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുത്തന്നു നിങ്ങൾ ചെയ്തടത്തോളം എല്ലാം എനിക്കു ചെയ്തു എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു അരുളിച്ചെയ്യും (മത്തായി 25: 35–40).

**സാമ്പത്തികബുദ്ധിമുട്ട് അനുഭവിക്കുന്നവരും അർഹരുമായവരെ കണ്ടെത്തി അവരുടെ ആവശ്യങ്ങളിൽ കൂട്ടായ്മ കാണിക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് ചാരിറ്റി ബോർഡ് ജീവകാരുണ്യരംഗത്ത് സജീവമായി പ്രവർത്തിക്കുന്നു. നിർധനരായ യുവതികൾക്ക് വിവാഹ സഹായം, അർഹരായ നൂറുകണക്കിന് വിദ്യാർത്ഥികൾക്ക് എല്ലാ വർഷവും വിദ്യാഭ്യാസ സഹായം, രോഗികൾക്ക് ചികിത്സാ സഹായം, ഭവനനിർമ്മാണ സഹായം തുടങ്ങി വിവിധ മേഖലകളിൽ ചാരിറ്റി ബോർഡ് സഹായം എത്തിക്കുന്നു. സുവിശേഷവേലയിലായിരിക്കെ മരണമടഞ്ഞ ശുശ്രൂഷകരുടെ ഭാര്യമാർക്ക് 2017 ജനറൽ കൺവൻഷനോടനുബന്ധിച്ച് സാമ്പത്തിക സഹായം നൽകും. പാസ്റ്റർ വൈ. റെജി ഡയറക്ടറായും പാസ്റ്റർ ജോൺസൺ ജോർജ്ജ് അസോസ്സിയേറ്റ് ഡയറക്ടറായും പാസ്റ്റർ കെ. വി. ഫ്രാൻസിസ് സ്റ്റേറ്റ് കോർഡിനേറ്ററായും ചാരിറ്റി ബോർഡിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് ഓവർസിയർ റവ. സി. സി. തോമസിന്റെയും സ്റ്റേറ്റ് കൗൺസിലിന്റെയും നിർദ്ദേശങ്ങളും പ്രോത്സാഹനവും ജീവകാരുണ്യ രംഗത്ത് പുത്തൻ കാൽവെയ്പ് നടത്തുവാൻ ചാരിറ്റി ബോർഡിനെ സഹായിക്കുന്നു.**

**94 –ാമത് ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് കൺവൻഷന് ചാരിറ്റി ബോർഡിന്റെ ആശംസകൾ**

# കൊയ്നോനിയ – വ്യത്യസ്തമായ ഒരു കൂട്ടായ്മ

## TEAM KOINONIA

We are a group of young visionaries having the Passion towards the way of cross.

Through Love, without denominational Pre-dominance trying to bring forth an equality in the Society. Reading the present Scenario, trying to empower youths so as to mould dedicated cubs for the Lion of Judah.

KOINONIA the greek word reveals a theme of Joint participation. Yes we expect a joint participation with us 'to reach the unreach Society'. Go and spell, the Last commission will be ourfirst concern. We look forward for a bright era of divine Love and Compassion.

Not to limit with the words, But to move forward with the deeds, extending our hands to needy ones. The Idea of "Service for the man is the Service to God'', challenging us to the wide arena of charity too.

Our hands are not lengthy enough to reach multitudes, but lets Join our hands together and make this happen. Last But Not the Least, Moulding a young generation to live a blameless, Spirit filled Christian life with in the doctrinal Canons.

-Team KOINONIA

## ടീം കൊയ്നോനിയ

കുരിശിന്റെ മാർഗ്ഗത്തോട് അടങ്ങാത്ത അഭിനിവേശവുമായി ഇറങ്ങി തിരിച്ച ദർശനവും സമർപ്പണവും ഉള്ള യുവജനങ്ങളുടെ കൂട്ടായ്മയാണ് **കൊയ്നോനിയ.** സഭാ വ്യത്യാസമെന്യേ സമത്വ സാമൂഹിക ആശയത്തിൻ നിന്നു കൊണ്ട് ക്രൈസ്തവ സ്നേഹത്തിൽ ഒരു കൂട്ടം ധീര ക്രൈസ്തവ ഭടന്മാരെ വാർത്തെടുക്കുക എന്നതാണ് പ്രധാന ലക്ഷ്യം. വിവിധ മേഖലകളിൽ ജോലി ചെയ്യുന്നവരും, സമർപ്പണം ഉള്ളവരും, സുവിശേഷവേലയിൽ തൽപരർ ആയവരും, യുവദാർശനികരും ആയ വിദ്യാർത്ഥികളെയും യൗവനക്കാരെയും സുവിശേഷീകരണത്തിൽ പങ്കാളികൾ ആക്കുക" എന്ന മഹനീയമായ ദൗത്യത്തിന്റെ ആവിഷ്കാരമാണ് **കൊയ്നോനിയ.**

**കൊയ്നോനിയ** എന്ന ഗ്രീക്കുപദം തന്നെ കൂട്ടായ്മ എന്ന ആശയമാണ് വെളിപ്പെടുത്തുന്നത്. അതെ, ഞങ്ങൾ കാത്തിരിക്കുന്നു.. ഞങ്ങളോട് തോളോടുതോൾ ചേർന്ന് ക്രിസ്തുവിന്റെ സ്നേഹം എത്തിയിട്ടില്ലാത്ത ഇടങ്ങളിലേക്ക് ചെല്ലുവാൻ ഒരുകൂട്ടം യുവതയെ..

"നിങ്ങൾ പോക....." എന്ന അരുമനാഥന്റെ അന്ത്യകല്പനയാണ് ഞങ്ങളുടെ പ്രാഥമിക ദൗത്യം. ദിവ്യസ്നേഹത്തിന്റെയും സഹാനുഭൂതിയുടെയും ശോഭന നാളുകൾക്കായി ഞങ്ങൾ പ്രത്യാശയോടെ കാത്തിരിക്കുന്നു.

ക്രിസ്തുവിന്റെ സ്നേഹം കേവലം വാക്കുകളിൽ ഒതുക്കാതെ പ്രവർത്തിയിലൂടെ പ്രദർശിപ്പിക്കുക എന്നതിൽ തൽപരർ ആണ് ഞങ്ങൾ. 'മാനവസേവനം ദൈവീകം' എന്ന ആശയം ചാരിറ്റി എന്ന ബൃഹത്തായ വയലിലേക്ക് ഞങ്ങളെ ആകർഷിക്കുന്നു. ബലഹീനമായ ഞങ്ങളുടെ കരങ്ങൾക്ക് പരിധിയും പരിമിതിയും ഉണ്ട്.

വരൂ, നമുക്ക് കരങ്ങൾ കോർക്കാം.. ഈ ദർശന സഫലീകരണത്തിനായി!

എല്ലാ അർത്ഥത്തിലും നിരപവാദ്യരായ, ആത്മനിറവും ഉപദേശ വ്യക്തതയും ഉള്ള ഒരു ക്രൈസ്തവ തലമുറയുടെ എഴുന്നേല്പ്പിനായി നമുക്ക് പ്രാർത്ഥനയോടെ പ്രവർത്തിക്കാം.

– ടീം കൊയ്നോനിയ

## ആശംസ.......

### പ്രശംസാർഹമായ മാതൃക



റവ. സി. സി. തോമസ്
കേരളാ സ്റ്റേറ്റ് ഓവർസിയർ
ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യാ

ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റിലെ അംഗങ്ങളും യുവസുവിശേഷകരും എനിക്ക് പ്രിയരുമായ സഹോദരന്മാരുടെ ഈ യത്നം അഭിനന്ദനാർഹമാണ്. അവരുടെ ഈ സംരംഭം എന്തുകൊണ്ടും യുവജനങ്ങൾക്ക് അനുകരണീയമായ മാതൃകയാണ്. സുവിശേഷത്തെക്കുറിച്ചുള്ള ആഴമായ ദർശനവും സമർപ്പണവും ഈ പ്രിയപ്പെട്ടവരെ മറ്റുള്ളവരിൽ നിന്നും വ്യത്യസ്തരാക്കുന്ന പ്രത്യേകതയാണ്. തങ്ങളുടെ ജോലിയോടൊപ്പം ക്രിസ്തുവിന്റെ സാക്ഷ്യം വഹിക്കുവാൻ കഴിയുന്നത് ഭാഗ്യമായി കരുതുന്ന ഇവരുടെ പ്രവർത്തനത്തെ സർവ്വ കൃപാലുവായ ദൈവം ആശിർവദിക്കട്ടെ. ഈ കാലഘട്ടത്തിൽ അനേക യൗവനക്കാർ ഈ മാതൃക പിൻപറ്റുവാനും സുവിശേഷ രണാങ്കണത്തിൽ പ്രയോജനപ്പെടുവാനും ആഴമായ സമർപ്പണത്തോടെ മുമ്പോട്ട് വരുവാനും ഈ സംരംഭം പ്രയോജകീഭവിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. 'കൊയ്നോനിയ'ക്ക് എല്ലാവിധ ആശംസകളും.

## പ്രവർത്തന മേഖലകൾ

**1. സുവിശേഷീകരണം**

ഏതൊരു ആത്മീക മനുഷ്യനും എന്നപോലെ ഞങ്ങൾക്കും സുവിശേഷീകരണം പ്രാണവായു ആണ്. "സുവിശേഷം അറിയിക്കുന്നില്ലെങ്കിൽ ഞങ്ങൾക്ക് അയ്യോ കഷ്ടം!". പ്രതിഭാശാലികളും സർവോപരി പെന്തെക്കോസ്ത് ഉപദേശത്തിൽ അചഞ്ചലരുമായ യുവജനങ്ങളെ തെരുവിൽ അണി നിരത്തി ലജ്ജകൂടാതെ പരസ്യമായി സുവിശേഷം അറിയിക്കുന്നതിൽ **കൊയ്നോനിയ** വഹിക്കുന്ന പങ്ക് ശ്ലാഘനീയമാണ്. സുവിശേഷ പ്രവർത്തന രീതികൾ ചുവടെ ചേർക്കുന്നു.

*** പരസ്യയോഗങ്ങൾ * ഫിലിംപ്രദർശനങ്ങൾ * സുവിശേഷ ലഘുലേഖകളുടെ വിതരണം * വ്യക്തിഗത സുവിശേഷീകരണം * മുറ്റത്ത് കൺവൻഷനുകൾ**

**2. യുവജന ശാക്തീകരണം**

ഇന്നത്തെ തലമുറയാണ് നാളത്തെ സഭ. വചനത്തിൽ അടിത്തറയും ഉപദേശ വിശുദ്ധിയും ആദർശവും ആർജ്ജവവും ഉള്ള ഒരു തലമുറ വളർന്നു വരുന്നില്ലെങ്കിൽ സഭ വലിയ അധഃപതനത്തിലേക്കും മൂല്യച്യുതിയിലേക്കും കൂപ്പുകുത്തും എന്നതിൽ തർക്കമില്ല. ഈ അവസ്ഥ തിരിച്ചറിഞ്ഞ് ദുരുപദേശത്തിന്റെ ചുഴിയിൽ പെട്ടുപോകാതെ യുവജനങ്ങളെ വചനത്തിലും ശക്തിയിലും വളരാൻ അവസരമൊരുക്കുക. എന്നതിൽ ഞങ്ങൾ ഉത്സുകരാണ്. ഞങ്ങളുടെ കർമ്മപദ്ധതികൾ താഴെ പറയുന്നവയാണ്

*** യുവജന ക്യാമ്പുകൾ * ഏകദിന സെമിനാറുകൾ * കൗൺസിലിംഗ് സെക്ഷനുകൾ * മ്യൂസിക്കൽ ഫെസ്റ്റുകൾ**

**3. ജീവകാരുണ്യ പ്രവർത്തനങ്ങൾ**

പല ആശയങ്ങളും കേവലം വാക്കുകളിൽ ഒതുങ്ങി പോകുന്നു. ഒരു ചിന്തകൻ ഒരിക്കൽ ഇപ്രകാരം പറയുകയുണ്ടായി "വിശക്കുന്നവന് വിശപ്പിന്റെ ഗ്രീക്കു പദമല്ല പ്രത്യുത അല്പം ഭക്ഷണമാണ് ആവശ്യം" ആ ആശയത്തോട് **കൊയ്നോനിയ** പൂർണ്ണമായും യോജിക്കുന്നു. പ്രസ്തുത സന്ദേശം പ്രാവർത്തികമാക്കുന്നതിനായി ഞങ്ങളാൽ ആവോളം ശ്രമിക്കുന്നു. ആയതിലേക്ക് അനേകരുടെ സഹകരണം അത്യന്താപേക്ഷിതമാണ്. അർഹരായവരെ മാത്രം കണ്ടെത്തുന്നതിലും സഹായം എത്തിക്കുന്നതിലും ഞങ്ങൾ നീതിയുക്തം ഉത്സുകരായി തുടരും.

**2016-ൽ ചെയ്ത ജീവകാരുണ്യ പ്രവർത്തനങ്ങൾ താഴെ പറയുന്നവയാണ്**

* നിർദ്ധനരായ ചില സഹോദരിമാരെ കണ്ടെത്തി ഒരു ഉപജീവന മാർഗ്ഗം എന്ന നിലയിൽ തയ്യൽ മെഷിനുകൾ വാങ്ങി നൽകി.
* വയനാട്ടിൽ ആദിവാസിമേഖലയായ തൃശിലേരിയിലുള്ള ഒരു ട്രൈബൽ മിഷൻ സഭയിലെ ഏകദേശം അൻപതോളം വിദ്യാർത്ഥികളെ കണ്ടെത്തി പഠനത്തിനുള്ള എല്ലാ സഹായങ്ങളും ചെയ്തുകൊടുത്തു.
* ഗില്ഗാൽ ആശ്വാസഭവനിലെ മാനസീകമായും ശാരീരികമായും തളർന്ന ഏകദേശം 400-ൽ പരം അന്തേവാസികളായ സഹോദരങ്ങളോട് ചേർന്നു ആത്മീകമായും ഭൗമീകമായും കൂട്ടായ്മ ആചരിച്ചു.
* സയോൺ ഗോസ്പൽ മിഷന്റെ ചിൽഡ്രൻസ് ഹോമിൽ ഒരു സായാഹ്നം ചിലവഴിപ്പാനും സ്നേഹ സദ്യ ആചരിപ്പാനും കഴിഞ്ഞതു മറക്കാനാകാത്ത അനുഭവമായിരുന്നു.

## VISIONARIES



Br. Jobin M. Johnson
+1(423)-356-0303



Br. Jibin M. Johnson
+96567044585



Dr. Bency G. Babu
9605198692



Br. Jubyson K. Babu
9895568995



Br. Benson Peter
7012303633



Evg. Gladson V. Karottu
9744508559



സിജിഐ കോഴിക്കോട് ഡിസ്ട്രിക്ടിനോട് ചേർന്ന് മലബാർ ജില്ലകളിൽ നടത്തിയ ത്രിദിന പരസ്യയോഗ ദൃശ്യം



ഗില്ഗാൽ ആശ്വാസഭവനിൽ നടത്തിയ "feast & Fest of Love" ഒരു ദൃശ്യം



ചാരിറ്റിയുടെ ഭാഗമായുള്ള തയ്യൽ മെഷീൻ വിതരണം



വയനാട് ആദിവാസി മേഖയിൽ നടത്തിയ വിദ്യാഭ്യാസസഹായം



അടൂരിൽ നടന്ന മെഗാ ബൈബിൾ ക്വിസ് വിജയികൾ



കൊയ്നോനിയ യൂത്ത് ക്യാമ്പ്

For More Information
Ph:+91 8547234573 / E-mail: thekoinonia@hotmail.com
Website: www. thekoinonia.com / fb/koinoniateam

ലേഖനം

# ദമസ്ക്കോസിന്റെ പടിവാതിൽ കഴിഞ്ഞ്!!!



ജോ തോമസ്, മസ്ക്കറ്റ്

തർസോസ് എന്ന സ്ഥലത്ത് ഇസ്രായേൽ വംശത്തിലെ ബന്യാമിൻ ഗോത്രത്തിൽ ശൗൽ ജനിച്ചു. രണ്ട് പേരുകൾ അദ്ദേഹത്തിനു ഉണ്ടായിരുന്നു. ശൗൽ എന്ന ഹീബ്രു നാമവും പൗലോസ് എന്ന റോമൻ/ലാറ്റിൻ നാമവും. ഈ ശൗൽ കർത്താവിന്റെ ശിഷ്യന്മാരുടെ നേരെ ഭീഷണിയും കൊലയും നിശ്വസിച്ചു കൊണ്ടു മഹാപുരോഹിതന്റെ അടുക്കൽ നിന്ന്, ക്രിസ്തു മാർഗ്ഗക്കാരായ വല്ല പുരുഷന്മാരെയോ സ്ത്രീകളെയോ കണ്ടാൽ അവരെ പിടിച്ചുകെട്ടി യെരുശലേമിലേക്കു കൊണ്ടുവരുവാന്തക്കവണ്ണം അധികാരപത്രം ഉള്ളവനും ആയിരുന്നു (അപ്പൊ:9). (ഈ പാശ്ചാത്തലം വായനക്കാർക്ക് സുപരിചിതമാണ്, അതിനാൽ വിഷയത്തിലേക്ക് ഗതിവേഗം കൂട്ടുന്നു). മുൻപറഞ്ഞ ലക്ഷ്യവുമായി താൻ ദമസ്ക്കോസിനു സമീപിച്ചപ്പോൾ ഇതാ പെട്ടെന്നു ആകാശത്തുനിന്നു ഒരു വെളിച്ചം അവന്റെ ചുറ്റും മിന്നുകയും അവൻ നിലത്തു വീഴുകയും ചെയ്തു. ഇന്നലെകളിൽ ജീവനുള്ള ദൈവത്തെയും അവന്റെ ജനത്തെയും ഉപദ്രവിച്ചു നടന്നവനെ ഇതാ ഇപ്പോൾ കർത്താവ് ക്രൂശ് എടുത്തു തന്നെ അനുഗമിക്കുവാൻ തിരഞ്ഞെടുക്കുന്നു. ശ്രദ്ധയോടെ ഈ ഭാഗം ദർശിച്ചാൽ, അന്നുവരെ ഉണ്ടായിരുന്ന തന്റെ ജീവിതചര്യകൾക്ക് ഇന്നിതാ സമൂലമാറ്റം സംഭവിക്കുന്നു. ദമസ്ക്കോസിന്റെ പടിവാതിൽ കടന്നതിനു ശേഷം ശൗലിനെ കർത്താവ് നേർവീഥിയുടെ തെരുവിലാക്കി. ഒരു കാലത്ത് ദൈവനാമത്തേയും അവന്റെ ജനത്തേയും അപമാനിക്കുവാനും കഷ്ടപ്പെടുത്തുവാനും അധികാരപത്രവും കൈവശപ്പെടുത്തി നടന്നവനെ, അതേ നാമത്തിന്നു വേണ്ടി കഷ്ടം അനുഭവിക്കുവാൻ കർത്താവ് തിരഞ്ഞെടുക്കുന്നു. അവിടെ മുതൽ പൗലോസ് വ്യത്യസ്തദർശനത്തിനു വിധേയനായി മാറുകയാണ് ചെയ്തത്. ഒരു കാലത്ത് ക്രൂശിന്റെ ശത്രുക്കളായിരുന്ന നമ്മെയും അവൻ രക്ഷിച്ചു സകല സത്യത്തിലും വഴി നടത്തുന്ന പരിശുദ്ധാത്മാവിനാൽ നേർവീഥിയിലാക്കി. അന്യനെന്ന മേലെഴുത്തും മാറ്റിയെഴുതി. ശൗൽ എന്ന് പാരമ്പര്യം നൽകിയ പേരിനു പോലും ഇവിടെ വ്യത്യാസം കൈവന്നിരിക്കുന്നു. പിന്നീട് ഇങ്ങോട്ട് പൗലോസ് എന്ന നാമകരണം ശൗൽ സ്വീകരിക്കുന്നു, പേരിനോടൊപ്പം "അപ്പോസ്തലൻ" എന്നൊരു പദവിയും വന്നു ചേർന്നു. അയക്കപ്പെട്ടവൻ എന്നർത്ഥം വരുന്ന ഗ്രീക്ക് പദമാണ് 'അപ്പോസ്തലൻ'. ആ അർത്ഥത്തിൽ ശൗലിനെ നിയോഗിച്ചയയ്ക്കുവാൻ ദൈവത്താൽ തന്നെ അയയ്ക്കപ്പെട്ട ഒരു അനന്യാസ് അവിടെ കടന്നുവരുന്നത് ശ്രദ്ധേയമാണ്. പഠിക്കും മുൻപേ പണിക്കരാകുന്ന രീതികൾ ആധുനികസഭയിൽ കടന്നു കൂടിയിരിക്കുന്നു. യോഗ്യരല്ലാത്തവർ പോലും സ്വയം നിയോഗം ഏറ്റെടുക്കുന്നു. ഇന്നലെ മുക്രിയും ഇന്ന് മുൻഷിയും നാളെ പ്രേഷിതനുമായി (മാറ്റങ്ങൾ പേരിൽ മാത്രം) സംക്രമണം നടത്തുന്നവർ ത്വരിതഗതിയിൽ വേദികൾ കയ്യടക്കുന്നത് ഇന്നിന്റെ നേർക്കാഴ്ചകളാണ്. കൈവെപ്പു ലഭിക്കാത്ത അനേകർ ഇന്ന് അപ്പോസ്തലന്മാരായി വേഷം ധരിച്ച് വേദികളിൽ ദൈവനാമത്തിനു അപമാനം ഹേതുവാകുന്നു. അപ്പൊസ്തലനായ പൗലോസിനാലാണ് പുതിയനിയമത്തിലെ ലേഖനങ്ങളുടെ മുഖ്യാംശം രചിക്കപ്പെട്ടിരിക്കുന്നത്.

ദമസ്ക്കോസിന്റെ പടിവാതിൽ എത്തുന്നതിനു മുൻപ് പൗലോസ് ആരായിരുന്നുവെന്നു മനസിലാക്കിയാൽ മാത്രമേ അതിനു ശേഷം തനിക്കുണ്ടായ പരിവർത്തനത്തിന്റെ അർത്ഥവ്യാപ്തി നമുക്ക് ദർശിക്കുവാൻ കഴിയൂ. തർസോസിൽ ജനിച്ച യെഹൂദാചാരപ്രകാരം എട്ടാം ദിവസം താൻ പരിഛേദനകർമ്മത്തിന് വിധേയനാക്കപ്പെട്ടു. പേരെടുത്ത യഹൂദ റബ്ബിയായിരുന്ന ഗമാലിയേലിന് ശിഷ്യപ്പെട്ട്, പൗലോസ് ജെറുശലേമിൽ പിതാക്കന്മാരുടെ ന്യായപ്രമാണം സൂക്ഷ്മതയോടെ പഠിച്ചു. പാരമ്പര്യശ്രേഷ്ഠതയ്ക്ക് ഒട്ടും കുറവില്ലാത്തവർ, സമ്പന്നതയിൽ ഉന്നതൻ. എബ്രായനിൽ നിന്നും ജനിച്ച എബ്രായൻ.....റോമർ പൗരനായിരുന്നു പോരാഞ്ഞിട്ട് ന്യായപ്രമാണമനുസരിച്ച് ദൈവസേവയിൽ എരിവുള്ളവനായിരുന്നു(അപ്പോ22). ദമസ്ക്കോസിന്റെ പടിവാതിക്കൽ പദമൂന്നുന്നതിനു മുൻപ് അതായിരുന്നു പൗലോസ്. അങ്ങനെ സ്വയപ്രശംസയ്ക്ക് അനേക കാരണങ്ങൾ സ്വന്തമായുള്ളവനെങ്കിലും പൗലോസ് പറയുന്നു പ്രശംസിക്കുന്നതിനാൽ പ്രയോജനമില്ല. ആ ചിന്ത തന്റെ ബലഹീനതകളിൽ പ്രശംസിക്കുവാൻ പൗലോസിനെ പ്രാപ്തനാക്കിയിരിക്കുന്നു. ഇന്നലെകളിൽ നാം ആരായിരുന്നുവെന്നുള്ള വീമ്പിളക്കലുകളോ, നിരാശബോധമോ നമ്മെ ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്നും അന്യമാക്കാതെ, ഇന്നു നാം ക്രിസ്തുവിൽ ആര് എന്നുള്ള തിരിച്ചറിവ് നിത്യരാജ്യത്തിന്റെ കെട്ടുപണിക്കായി ആവലോടെ പ്രയത്നിക്കുന്ന അപ്പോസ്തലന്മാർക്ക് ഉൾബലമേകട്ടെ.

ഇന്ന് അയയ്ക്കപ്പെട്ടവരുടെ പലരുടെയും ക്രിസ്തീയവീക്ഷണം വചനത്തിൽ നിന്നും അകലെയുള്ള മേച്ചിൽ പുറങ്ങൾ തേടി അലയുന്നുവോ എന്ന സംശയാജന്യമായ അവസ്ഥയിലാണ്. ഇതു പറയുമ്പോൾ ശുശ്രൂഷകന്മാരുടെ സ്ഥലംമാറ്റ വെപ്രാളങ്ങളാണ് മനസിലേക്ക് പെട്ടെന്ന് ഓടിയെത്തുന്ന ചിത്രം. പുതിയ വേലസ്ഥലത്തെ സഭയിലെ അംഗസംഖ്യയും പാർപ്പിട സൗകര്യങ്ങളും ഉറ്റുനോക്കുവാൻ പ്രേഷിതർ ദ്രുതഗതിയിൽ പായുന്നത് കാണാം. സുഖപ്രദമായ സഭകൾ കൈക്കലാക്കാൻ കൈമടക്കും കാര്യപ്രാപ്തിയുമായി സഭാകേന്ദ്രത്തിനു വലയം വെയ്ക്കുന്ന അപ്പോസ്തലന്മാർ അധികമാണ്. എന്നാൽ നിർബന്ധിതാടിസ്ഥാനത്തിൽ സഭകൾ ലഭിക്കുന്നവർ പിന്നീട് കഷ്ടത വന്നാൽ നേതൃത്വത്തെ പഴിക്കുകയും വിശ്വാസികൾക്ക് എതിരെ അന്യായം ബോധിപ്പിക്കുവാൻ ലോകകോടതിയെ സമീപിക്കുകയും ചെയ്യുന്ന എത്രയെത്ര 'അപ്പോസ്തല' പ്രവർത്തികൾ നാം കണ്ടിരിക്കുന്നു. സഭാപരിപാലനത്തിൽ ആടുകളുടെ വലിപ്പവും ആദായവും ലക്ഷ്യമിട്ടും തുടങ്ങി അഭിനവ അപ്പോസ്തലന്മാരുടെ പ്രവർത്തികൾ ഇനിയും നീളുന്നു. വലിയ കമാനങ്ങളും, ചരിഞ്ഞും തിരിഞ്ഞും നിൽക്കുന്ന വലിയ ഛായാചിത്രങ്ങൾ ആലേഖനം ചെയ്ത ഫ്ളെക്സ് ബോർഡുകളും തെരുവോരത്ത് പ്രദർശിപ്പിച്ചും സോഷ്യൽ മീഡിയയിൽ അതിന്റെ പരസ്യങ്ങൾ നൽകിയും സ്വയ പ്രശംസയ്ക്ക് വഴിതെളിക്കുന്ന പ്രേഷിതശതങ്ങളാണ് കുമിൾതുല്യം പൊട്ടിമുളയ്ക്കുന്നത്. മനുഷ്യപുത്രനെ ഉയർത്തേണ്ടുന്ന വേദിയിൽ വെറും മനുഷ്യനെ ഉയർത്തുന്ന ദൃശ്യങ്ങൾ ദൈവഹിതത്തെപ്പോലും വെല്ലുവിളിക്കുന്നുവോ!!!. ഒരു പ്രമുഖ നേതാവ് ഒരിക്കൽ പറയുന്നത് കേട്ടു, അപ്പോസ്തല പ്രവർത്തി 29 മുതൽ എഴുതി ഇനിയും തുടങ്ങണമെന്ന് പോലും. അയ്യോ, അരുതേയെന്ന അപേക്ഷയോടെ ആ വിഷയം വിടുന്നു. തന്റെ വിളിയും തിരഞ്ഞെടുപ്പും ഉറപ്പാക്കിയ അപ്പോസ്തലൻ ഗലാത്യർക്ക് ലേഖനം എഴുതിയപ്പോൾ ഇങ്ങനെ പറയുന്നു "നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശിൽ അല്ലാതെ പ്രശംസിപ്പാൻ ഇടവരരുത്". ദൈവം ഏൽപ്പിക്കുന്ന ദൗത്യം തിരഞ്ഞെടുക്കുന്ന ഭക്തൻ, സ്വയം വെടിയാൻ തയ്യാറായില്ലെങ്കിൽ അപ്പോസ്തലൻ ആവുന്നതെങ്ങനെ, പടചേർത്തവനെ പ്രസാദിപ്പിക്കാൻ കഴിഞ്ഞില്ലെങ്കിൽ ഓടിയതും അദ്ധ്വാനിച്ചതും നിഷ്ഫലമാകുകയില്ലേ!! സ്വന്തം ജീവനകാര്യത്തിനു പ്രാധാന്യം കൊടുക്കുന്ന ക്രിസ്തീയ ജീവിതം ദൈവത്തിനു പ്രസാദകരമോ? അങ്ങനെയുള്ളവർ ദമസ്ക്കോസ് കടന്നവനെ മാതൃകയാക്കിയിരുന്നെങ്കിൽ എന്ന് ആശിക്കാനേ കഴിയൂ. ബന്ധനങ്ങളും കഷ്ടങ്ങളും കാത്തിരിക്കുന്നു എന്നൊരു ചിന്തയൊഴിച്ചു അവിടെ തനിക്കു നേരിടുവാനുള്ള ഒന്നും പൗലോസിനു അറിവില്ലെങ്കിലും തന്റെ പ്രാണനെ വിലയേറിയതായി എണ്ണുന്നില്ല; തന്റെ ഓട്ടവും ദൈവകൃപയുടെ സുവിശേഷത്തിന്നു സാക്ഷ്യം പറയേണ്ടതിനു കർത്താവായ യേശു തന്ന ശുശ്രൂഷയും തികെക്കേണം എന്നേ തനിക്കുള്ളുവെന്ന് ഒരിക്കൽ പൗലോസ് പറഞ്ഞു. പിൻഗമിക്കാൻ ഉതകുന്ന എത്രയോ ശ്രേഷ്ഠകരമായ ദർശനമാണിത്. അപ്പോസ്തലന്റെ ലക്ഷണങ്ങൾ പൂർണ്ണ സഹിഷ്ണതയും അടയാളങ്ങൾ അത്ഭുതങ്ങൾ വീര്യപ്രവൃത്തികൾ തുടങ്ങിയവയെന്നും തെളിയിക്കപ്പെട്ട വസ്തുതയാണ്(2കൊരി:12:8). നേരിന്റെ പാതയിൽ സ്വയപ്രശംസയ്ക്ക് സ്ഥാനമില്ല.

ദമസ്ക്കോസിന്റെ പടിവാതിൽ കഴിഞ്ഞതിനു ശേഷം പൗലോസിന്റെ യാത്ര ഒരു ഓട്ടക്കളത്തോട് സമമായിരുന്നു. എബ്രായർക്കു ലേഖനമെഴുതുമ്പോൾ ഇങ്ങനെ എഴുതി "ആകയാൽ നാമും സാക്ഷികളുടെ ഇത്ര വലിയോരു സമൂഹം നമുക്കു ചുറ്റും നില്ക്കുന്നതുകൊണ്ടു സകല ഭാരവും മുറുകെ പറ്റുന്ന പാപവും വിട്ടു നമുക്കു മുമ്പിൽ വെച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക(എബ്രാ:12:1). പൗലോസിന്റെ കഴിവ്, ജ്ഞാനം, സമ്പന്നത തുടങ്ങിയ വലിയ ഭാരങ്ങൾ അവൻ ഇറക്കിവെച്ചു. ജ്ഞാനികളെ ലജ്ജിപ്പാൻ ഭോഷത്വമായാത് തിരഞ്ഞെടുക്കുകയും, തന്റെ മുമ്പിൽ വെച്ചിരുന്ന സന്തോഷം ഓർത്തു അപമാനം അലക്ഷ്യമാക്കി ക്രൂശിനെ സഹിക്കയും ദൈവസിംഹാസനത്തിന്റെ വലത്തുഭാഗത്തു ഇരിക്കയും ചെയ്ത നാഥനെ പൗലോസ് മാതൃകയാക്കി. കഷ്ടതകളിൽ പ്രശംസിക്കാൻ മനസിനെ രൂപപ്പെടുത്തി. ലാഭമായിരുന്നത് ഒക്കെയും ക്രിസ്തു നിമിത്തം ചേതം എന്നു എണ്ണി. ദൈവം നൽകുന്ന നന്മയിൽ മനസ്സൂന്നി കർത്താവിനെ മറക്കുന്ന ഇന്നത്തെ പ്രേഷിതർക്ക് വിപരീത ഉദാഹരണമായി പൗലോസ് ഇന്നും നിലകൊള്ളുന്നു. ഇന്നലകളിൽ എരിവുള്ള പരീശൻ, ഇന്ന് എരിവോടെ കർത്താവിനെ പിൻപറ്റുന്ന അപ്പോസ്തലന്മാർ. ഇന്നത്തെ പ്രേഷിതസഹസ്രങ്ങൾ നമുക്ക് സ്വന്തമെന്നു അവകാശപ്പെടാൻ കഴിയാത്ത നാളെയ്ക്കു വേണ്ടി കരുതി വെയ്ക്കുവാൻ നെട്ടോട്ടം ഓടുകയും അതിനുള്ള കുതന്ത്രങ്ങൾ മിന്നുകയും ചെയ്യുമ്പോൾ, സ്നേഹിതരെ പൗലോസ് പറയുന്ന വാക്കുകൾ നമ്മെ അതിൽ നിന്നും പിന്തിരിപ്പിക്കാൻ കാരണമായി തീരട്ടെ. നാളയെ ഭയക്കാത്ത പൗലോസ് പറയുന്നു "ആ സുവിശേഷത്തിനു ഞാൻ പ്രസംഗിയും അപ്പൊസ്തലനും ഉപദേഷ്ടാവുമായി നിയമിക്കപ്പെട്ടിരിക്കുന്നു. അതു നിമിത്തം തന്നേ ഇതൊക്കെയും സഹിക്കുന്നു; എങ്കിലും ലജ്ജിക്കുന്നില്ല; ഞാൻ ആരെ വിശ്വസിച്ചിരിക്കുന്നു എന്നറിയുന്നു; അവൻ എന്റെ ഉപനിധി ആ ദിവസം വരെ സൂക്ഷിപ്പാൻ ശക്തൻ എന്നു ഉറച്ചുമിരിക്കുന്നു(2 തിമോ:1:12). അസഹിഷ്ണതയുള്ള അപ്പൊസ്തലന്മാർ ഇന്ന് വർദ്ധിക്കുന്നു. സ്വയം ത്യജിക്കാൻ കഴിയാത്തവർ ത്യാഗമനസ്ഥിതിയില്ലാത്തവർ ഇന്ന് അപ്പോസ്തലവേഷം കെട്ടിയാടുന്നു. നിത്യരാജ്യത്തിന്റെ മൂല്യം വെറും വാക്കുകളിൽ മാത്രം പ്രചരിപ്പിക്കുകയും ആ രാജ്യത്തിന്റെ ശത്രുക്കളെപ്പോലെ ജീവിതം നയിക്കുകയും ചെയ്യുന്നത് അപലപനീയമെന്നേ പറയാൻ കഴിയൂ. സ്വന്തം ജീവനകാര്യത്തിൽ ശ്രദ്ധയൂന്നിയുള്ള ജീവിതം ഒരു യോദ്ധാവിനു യോജിച്ചതല്ല. ക്രിസ്തുവിന്റെ തലയോളം വളരുവാനും ഏതൊരുവനെയും ക്രിസ്തുവിൽ തികഞ്ഞവനാക്കി നിർത്തുകയെന്ന ദൗത്യം പൗലോസിനു സ്വന്തമായി. ദൈവശബ്ദം കേട്ടിറങ്ങിയവന്റെ ലക്ഷ്യം തകർത്തു കളയുവാൻ കഷ്ടതയ്ക്കോ, പട്ടിണിക്കോ, ആപത്തിനോ വാളിനോ കഴിയുകയില്ലെന്നു പൗലോസിന്റെ അചഞ്ചലവിശ്വാസം തന്റെ അവസാന വാക്കുകളിൽ സുവ്യക്തമാകുന്നു. ദമാസ്ക്കോസിന്റെ പടിവാതിൽ കഴിഞ്ഞ് ആരംഭിച്ച ഓട്ടം അവസാനിക്കുമ്പോൾ പൗലോസ് പറയുന്ന വാക്കുകളിൽ ദൗത്യപൂർത്തീകരണത്തിന്റെ അഭിമാനവും വിശ്വാസത്തിന്റെ പൂർണ്ണതയും ദർശിക്കാം. ദൈവം തന്നിൽ അർപ്പിച്ച വിശ്വാസം നഷ്ടപ്പെടുത്താതെ അത് കാത്തു സൂക്ഷിക്കാൻ പൗലോസിനു കഴിഞ്ഞു. അതേ, പൗലോസ് പറയുന്നു "ഞാൻ നല്ലപോർ പൊരുതു; ഓട്ടം തികച്ചു, വിശ്വാസം കാത്തു". കേവലം മരണാനന്തരശുശ്രൂഷയ്ക്ക് വായിക്കാനും ശവമഞ്ചത്തിൽ ആലേഖനം ചെയ്യുവാനും മാത്രം ഉപയോഗിക്കുന്ന വാക്യമായി ഇതിനെ കാണുന്നവർ അനവധിയാണ്. എന്നാൽ നമ്മുടെ തിരഞ്ഞെടുപ്പിനൊത്തവണ്ണം ഓട്ടം തികയ്ക്കുന്നവനെ കാത്തിരിക്കുന്ന ഒരു കിരീടമുണ്ട്. പ്രതിഫലം വിഭാഗിക്കും നാളിൽ ന്യായാധിപതിയായ കർത്താവ് നമുക്ക് നല്കും. ഒരു കാലത്ത് ക്രിസ്തുവിനെ കൂടാതെയുള്ളവരും യിസ്രായേൽ പൗരതയോടു സംബന്ധമില്ലാത്തവരും വാഗ്ദത്തത്തിന്റെ നിയമങ്ങൾക്കു അന്യരും പ്രത്യാശയില്ലാത്തവരും ലോകത്തിൽ ദൈവമില്ലാത്തവരും ആയിരുന്നു (എഫേ:2:12). ഇനി പഴയമനുഷ്യന്റെ പ്രവർത്തികൾ നമ്മിൽ വാഴരുത്. അഗ്രിപ്പാ രാജാവിനോട് പൗലോസ് പറയുന്ന വാക്കുകൾ നമുക്കും ബാധകമാണ്. നിങ്ങൾ എല്ലാവരും അല്പം കൊണ്ടാകട്ടെ അധികം കൊണ്ടാകട്ടെ ഈ ചങ്ങലകൾ ഒഴികെ എന്നെപ്പോലെ ആകേണം എന്ന് ദൈവത്തോട് അപേക്ഷിക്കുന്നു. പൗലോസിന്റെ ഓരേയൊരു ഭയം, ഉപായത്തിൽ ആരും ചതിക്കപ്പെടരുത് എന്നത് മാത്രമായിരുന്നു.

നമുക്കും ക്രിസ്തു നിമിത്തം സകലവും ചേതമേന്നെണ്ണാം, ദൈവം നമ്മിൽ അർപ്പിച്ച വിശ്വാസം കാത്തുകൊണ്ട് നീതിയുടെ കിരീടം ലക്ഷ്യം വച്ച് വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിനെ നോക്കി നമുക്ക് മുൻപിൽ വച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടാം... ദൈവം ഏവരെയും അനുഗ്രഹിക്കുമാറാകട്ടെ...


അക്ഷര നഗരിയിൽ
ആരാധനയ്ക്കായി സ്വാഗതം

കോട്ടയം പട്ടണത്തിൽ എത്തുന്നവർക്ക്
ആത്മീയ ആരാധനയ്ക്കായി സ്വാഗതം.



പാസ്റ്റർ സജി മുട്ടം
നേതൃത്വം നൽകുന്നു.

ആരാധന: ഞായർ രാവിലെ 10 -12 വരെ
സ്ഥലം: വൈ. എം. സി. എ. ബോർഡ് റൂം കോട്ടയം

പാസ്റ്റർ സജി മുട്ടം
ചർച്ച് ഓഫ് ഗോഡ് (ഫുൾ ഗോസ്പൽ) ഇൻ ഇൻഡ്യാ
കോട്ടയം സിറ്റി ചർച്ച്
ഫോൺ: 9961114001

# ചെറുവക്കൽ കൺവൻഷൻ സമാപിച്ചു




ഇന്ത്യ പെന്തക്കോസ്ത് ദൈവസഭ വേങ്ങൂർ സെന്ററിന്റെയും കിളിമാനൂർ ഏരിയയുടെയും ന്യൂ ലൈഫ് സെമിനാരിയുടെയും നേതൃത്വത്തിൽ നടന്ന 24 -ാം ചെറുവക്കൽ കൺവൻഷൻ സമാപിച്ചു. ഡിസംബർ 18-ാം തീയതി സെന്റർ പ്രസിഡന്റ് റവ. ഡോ. ജോൺസൺ ഡാനിയേൽ ഉദ്ഘാടനം ചെയ്ത കൺവൻഷനിൽ പാസ്റ്റർ അജി ആന്റണി, പാസ്റ്റർ കെ. ജെ. തോമസ്, പാസ്റ്റർ ജോൺസൺ മേമന, പാസ്റ്റർ തോമസ് ഫിലിപ്പ്, പാസ്റ്റർ ഒ.എം. രാജുകുട്ടി, പാസ്റ്റർ ബാബു ചെറിയാൻ, പാസ്റ്റർ സുരേഷ് ബാബു, പാസ്റ്റർ എം. എ. ജോൺ എന്നിവർ പ്രസംഗിച്ചു. 24 -ാം തീയതി ന്യൂ ലൈഫ് ബിബ്ലിക്കൽ സെമിനാരിയിൽ പഠനം പൂർത്തിയാക്കിയ 53 വൈദിക വിദ്യാർത്ഥികളുടെ ബിരുദദാന സമ്മേളനത്തിൽ എ. ജി. മലബാർ ഡിസ്ട്രിക്റ്റ് സൂപ്രണ്ട് റവ. വി. റ്റി. എബ്രഹാം അനുഗ്രഹ പ്രഭാഷണം നടത്തി. ഗ്രാഡുവേഷനോടനുബന്ധിച്ച് 100 സ്ക്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സഹായം, ചികിത്സാ സഹായം. തയ്യൽ മെഷീൻ വിതരണം എന്നിവ നടത്തപ്പെട്ടു. ഞായറാഴ്ച രാവിലെ 8 മണി മുതൽ 60 സഭകളുടെ സംയുക്ത ആരാധനയിൽ പാസ്റ്റർ ജോൺ റിച്ചാർഡ് കത്ത്യൂമേശയ്ക്ക് നേതൃത്വം നൽകുകയും പാസ്റ്റർ എം. എ. ജോൺ മുഖ്യസന്ദേശം നൽകുകയും ചെയ്തു. ശാലേം വോയ്സ് ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകുകയും ചെയ്തു. വിദേശത്ത് നിന്നും സ്വദേശത്ത് നിന്നും ആയിരങ്ങൾ ഈ യോഗത്തിൽ സംബന്ധിച്ചു. ദൈവഹിതമെങ്കിൽ 25-ാമത് ചെറുവക്കൽ കൺവൻഷൻ 2017 ഡിസംബർ 24 മുതൽ 31 വരെ സിൽവർ ജൂബിലിയായി നടത്തുവാൻ ആഗ്രഹിക്കുന്നു.

# വൈവാഹികം

ബി.എസ്.സി. നേഴ്സ് 22 വയസ്സ്, 5‘3“ ഉയരം. പൂനെയിൽ പ്രശസ്തമായ ഹോസ്പിറ്റലിൽ ജോലി ചെയ്യുന്ന പെന്തെക്കോസ്ത് യുവതി. വിദേശത്ത് ജോലിയുള്ള (ഗൾഫ് വേണ്ട) രക്ഷിക്കപ്പെട്ട പെന്തെക്കോസ്ത് യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചന ക്ഷണിക്കുന്നു.

ഫോൺ: 9447201099

Parents of Marthomite invite proposal from the parents of equally Qualified boy for their daughter BA, LLB, Delhi University, 5'8", 27 years practising in Delhi Courts.
Contact: manthrayil@hotmail.com
**Phone: 9495441721 / 04772762400**

ജീവിതപങ്കാളിയെ കണ്ടെത്തുവാൻ ഏറ്റവും കൂടുതൽ വായനക്കാരുള്ള ബിലീവേഴ്സ് ജേണലിൽ പരസ്യം ചെയ്യൂ.

മാട്രിമോണിയൽ 600 രൂപ മാത്രം

## Patmos Ministries India

ഭാരത സുവിശേഷീകരണത്തിനായി അണിചേരൂ ◉ ഇന്ത്യയുടെ 13 സംസ്ഥാനങ്ങളിലും നേപ്പാളിലും ബർമയിലും പ്രവർത്തനങ്ങൾ ◉ പ്രാർത്ഥനാ ഗോപുരങ്ങൾ ◉ കോൺഫ്രൻസുകൾ ◉ ക്രൂസേഡുകൾ ◉ തദ്ദേശീയരായ സുവിശേഷവേലക്കാരെ പരിശീലിപ്പിക്കുന്നട്രെയിനിംഗ്സെന്ററുകൾ ◉ ഓർഫനേജുകൾ ◉ മിഷൻസ്കൂളുകൾ ◉ ജീവകാരുണ്യ സഹായം ◉ ബൈബിൾ വിതരണം ◉ ടി.വി. മിനിസ്ട്രി ◉ സ്വയംതൊഴിൽ സംരംഭങ്ങൾ ◉ ആതുരസേവനങ്ങൾ ◉ കംമ്പ്യൂട്ടർ സെന്റർ ◉ അനാഥർക്ക് ആശ്വാസഭവനവും ഭക്ഷണവും

## പ്രാർത്ഥനയ്ക്കായി വിളിക്കൂ
## പത്മോസ് പ്രയർ ടവർ

തിരുവല്ല: 09495614414, ചങ്ങനാശ്ശേരി: 09495174721
കാട്ടാക്കട, തിരുവനന്തപുരം: 09497744829,
ഗുജറാത്ത്: 09687480090
ഡൽഹി : 09811548283, മൈസൂർ: 09739973959

Head Office: Patmos Ministries India, Zion Bunglow, Changanacherry, 686 101, Kottayam (Dis) Kerala-India

## പ്രിമിയം ഡബിൾ കോടിപതി



2016-17 സാമ്പത്തിക വർഷത്തിൽ 2 കോടി ഫസ്റ്റ് പ്രിമിയം സമാഹരിച്ച് കൊട്ടാരക്കര ബ്രാഞ്ചിന്റെ ഫസ്റ്റ് ഡബിൾ കോടിപതിയായും തിരുവനന്തപുരം ഡിവിഷനിൽ 2-ാം സ്ഥാനവും കരസ്ഥമാക്കി ചരിത്ര റിക്കാഡുകൾ ഭേദിച്ചിരിക്കുന്നു. കൊട്ടാരക്കര ബ്രാഞ്ചിൽ ഇതുവരെയും ആർക്കും ലഭിക്കാത്ത Corporate Club Member MDRT (USA), TOT ലഭിച്ച ഏക ചീഫ് ലൈഫ് ഇൻഷുറൻസ് അഡ്വൈസറാണ് സാറാമ്മ സാംകുട്ടി. തുടർന്നും എല്ലാ പോളിസി ഉടമകളുടെയും ദൈവദാസന്മാരുടെയും ദൈവമക്കളുടെയും പ്രാർത്ഥനയും സഹകരണവും പ്രതീക്ഷിക്കുന്നു. നന്ദിയും അറിയിക്കുന്നു.

**SARAMMA SAMKUTTY**
Chief Life Insurance Advisor
Jeevan Jyothi Policy Service Center
Opp. Private Bus stand, Pulamon, Kottarakara - 691531
Office : 0474 2650503, Ph : 9447192916, 9446185886
sarammasamkutty@yahoo.com

Gilgal Gem Bhavan
Enathu P.O., Pathanamthitta - 691526

## NEW LIFE BIBLICAL SEMINARY

ACCREDITED BY ASIA THEOLOGICAL ASSOCIATION (ATA)

RESIDENTIAL PROGRAMS

Master of Theology (M.Th in Missiology& Church History)
Two years residential program for the B.D. & M.Div holders with B+ grade
Master of Divinity (M.Div)
Three years program for the university graduates
Two years for the qualified B.Th holders with B grade
Bachelor of Theology (B.Th)&Bachelor of Arts(B.A)
From a recognized university, Three years program in English & Malayalam medium for the +2 holders or equivalent
Diploma in Theology (Dip.Th English)
Two years program in English for the candidates with 10th Pass
Graduate in Theology (G.Th Malayalam)
Three years program for the candidates with S.S.L.C (N.L.B.S Program)

Next academic Year Commences From April 25th, 2016

Distance education

Master of Divinity (M.Div) (ATA Accredited)
Application invited from university graduates B.Th with B grade degree holders mature candidates (Both men and Women).

Master of Divinity (M.Div) Next Seminar From Feb 20th to 24th (ATA Accredited)

For Prospectus & Further details Please Send M.O. of Rs. 100/, For M.Th Prospectus & Further details Please Send M.O. of Rs. 250/-

THE REGISTRAR
New Life Biblical Seminary
Cheruvakkal P.O., Ayoor 691533
Kollam, Kerala, India.
Ph : 9447766316, 9961708795
E-mail:
newliferegistrar@gmail.com,
newlifebs2008@hotmail.com,
newlifebs2008@gmail.com.
Visit us on : www.nlbs.org

# ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ കേരളാ സ്റ്റേറ്റ് 94-ാമത് കൺവൻഷന് ആശംസകൾ

## ആശംസ



**ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ 94-ാമത് ജനറൽ കൺവൻഷന് ആശംസകൾ**

പാസ്റ്റർ ബെൻസ് ഏബ്രഹാം (ചർച്ച് ഓഫ് ഗോഡ് ഷാർജാ)
ഭാര്യ: വിനീത ബെൻസ്
മക്കൾ: ബെനിറ്റ, ബെനോയിറ്റ്, ബെൻവിൻ
**ഫോൺ: 9447896361**
benzabraham0475@gmail.com

## ആശംസ



**ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ 94-ാമത് ജനറൽ കൺവൻഷന് ആശംസകൾ**

പാസ്റ്റർ വി. സോളമൻ (ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ കുറുങ്ങഴ പുല്ലാട്)
ഭാര്യ: ലിസി സോളമൻ, മക്കൾ: ജുഗുനു, ജോൺസൺ
Joys Ministries, P.B.No:7, South India - 686537
E-mail: solomonvadakara@gmail.com, **ഫോൺ: 9447223656**

## ആശംസ



**ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ 94-ാമത് ജനറൽ കൺവൻഷന് ആശംസകൾ**

പാസ്റ്റർ ബ്ലസ്സൻ പി. പൊന്നച്ചൻ (ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ കഞ്ചിക്കോട്, പാലക്കാട്)
ഭാര്യ: ഷീബ
**ഫോൺ: 8907278044 / 9387464752**

## ആശംസ



**ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ 94-ാമത് ജനറൽ കൺവൻഷന് ആശംസകൾ**

പാസ്റ്റർ സാം പി. പൊന്നച്ചൻ (ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ ചാച്ചിപ്പുന്ന, പുന്നല, പത്തനാപുരം, ഇടമൺ ഡിസ്ട്രിക്ട്). ഭാര്യ: റെയ്ച്ചൽ സാം,
മക്കൾ: ക്രിസ്റ്റീന പി. സാം, ജെസ്റ്റീനാ പി. സാം.
**ഫോൺ: 8547580632 / 9387090631**

## ആശംസ



**ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ 94-ാമത് ജനറൽ കൺവൻഷന് ആശംസകൾ**

പാസ്റ്റർ ബൈജു തോമസ് (ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ കാട്ടാക്കട ടൗൺ) ഭാര്യ: ഷീബാ ബൈജു.
മക്കൾ: ഹെഫ്സിബ, ഹെലൻ, സാറാ ബൈജു
**ഫോൺ: 9946060413**
E-mail:baijuthomas512@gmail.com

## ആശംസ



**ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ 94-ാമത് ജനറൽ കൺവൻഷന് ആശംസകൾ**

പാസ്റ്റർ രാജീവ് സേവ്യർ (ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ സ്റ്റേറ്റ് കോ-ഓർഡിനേറ്റർ ഹോം മിഷൻ ഡിപ്പാർട്ട്മെന്റ്) പെരുമ്പാവൂർ ടൗൺ ചർച്ച്.
ഭാര്യ: ബെറ്റ്സി. മക്കൾ: അർപ്പിത, ആൻഡ്രിയ
**ഫോൺ: 9037589968**

## ആശംസ



**ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ 94-ാമത് ജനറൽ കൺവൻഷന് ആശംസകൾ**

പാസ്റ്റർ കെ. ജി. ജോൺ (ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ കരിക്കം) ഭാര്യ: ഓമന ജോൺ. മക്കൾ: ജോയൽ, ജോബി
**ഫോൺ: 9746541951**

## ആശംസ



**ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ 94-ാമത് ജനറൽ കൺവൻഷന് ആശംസകൾ**

പാസ്റ്റർ അനിയൻകുഞ്ഞ് സി. എ. (ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ നെടുമ്പ്രം, തിരുവല്ല)
ഭാര്യ: റോസമ്മ. മക്കൾ: കെസിയാ മോൾ, സാമുവേൽ
**ഫോൺ: 9847833360**

## ആശംസ



**ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ 94-ാമത് ജനറൽ കൺവൻഷന് ആശംസകൾ**

പാസ്റ്റർ റ്റി. ജോർജ്ജുകുട്ടി (ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ മല്ലശ്ശേരി, പത്തനംതിട്ട ഡിസ്ട്രിക്ട്)
ഭാര്യ: സാറാമ്മ ജോർജ്ജ്
മക്കൾ: ജോയൽ ജോർജ്ജ്, ജസ്റ്റിൻ ജോർജ്ജ്
**ഫോൺ: 9446135807**

## ആശംസ



**ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ 94-ാമത് ജനറൽ കൺവൻഷന് ആശംസകൾ**

പാസ്റ്റർ ജോൺ ഡാനിയേൽ (ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ തിരുവല്ല സ്റ്റേഡിയം ചർച്ച്)
ഭാര്യ: സൗമ്യ. മക്കൾ: ജോവാൻ, ജോയന്ന
**ഫോൺ: 9847246956**


# ബിലീവേഴ്സ് ജേണൽ

ക്രൈസ്തവ ദ്വൈവാരിക

വാർഷിക വരിസംഖ്യ 200 രൂപ. തിരുവല്ല ചർച്ച് ഓഫ് ഗോഡ് കൺവൻഷൻ സ്റ്റാളിൽ പണം അടയ്ക്കുന്നവർക്ക് 150 രൂപ മാത്രം. രണ്ടുവർഷത്തെ വരിസംഖ്യ ഒന്നിച്ചടയ്ക്കുന്നവർക്ക് ആഷേറിന്റെ കഥകൾ സൗജന്യമായി ലഭിക്കുന്നു. വരിസംഖ്യ അടയ്ക്കാത്തവർക്ക് തുടർന്ന് പത്രം അയയ്ക്കുന്നതല്ല

വായിക്കൂ, വരിക്കാരാകൂ...



ഫോൺ: 94472010



# ബിഹാർ മിഷൻ

✳ 38 ജില്ലകൾ ✳ 46000 ഗ്രാമങ്ങൾ ✳ 12 കോടി ജനങ്ങൾ ✳ ഇനിയും സുവിശേഷം കേട്ടിട്ടില്ലാത്ത 20000 ഗ്രാമങ്ങൾ ✳ വെല്ലുവിളികൾ ഏറെ ✳ സാധ്യതകൾ അതിലും ഏറെ






റവ. വിത്സൻ ജോസഫ് സൈക്കിളുകളും, തയ്യൽ മെഷീനുകൾ വിതരണം ചെയ്യുന്നു



പാസ്റ്റർ സുജു ജോൺ മിഷനറി കോൺഫറൻസിൽ ശുശ്രൂഷിക്കുന്നു




മൗണ്ട് സിയോൻ സെമിനാരി ചിൽഡ്രസ് ഫെസ്റ്റ്



പാസ്റ്റർ എ. റ്റി. ജോസഫ്സ്നാനശുശ്രൂഷ നിർവ്വഹിക്കുന്നു



പാസ്റ്റർ ജെയ്സ് പാണ്ടനാട് സഭാഹാളിന് തറക്കല്ല് ഇടുന്നു.

ഒരു കാലത്ത് മിഷനറിമാരുടെ ശവപ്പറമ്പ് എന്നറിയപ്പെട്ടിരുന്ന ബിഹാറിലെ ഗ്രാമങ്ങളിൽ ഇന്ന് സുവിശേഷത്തിന്റെ അഗ്നി പടരുകയാണ്. 46000 ഗ്രാമങ്ങളിലായി 12 കോടി ജനങ്ങൾ അധിവസിക്കുന്ന ബിഹാർ സംസ്ഥാനത്തിലെ ബഹുഭൂരിപക്ഷം വില്ലേജുകളിലും സുവിശേഷത്തിന്റെ വെളിച്ചം ഇനിയും കടന്നുചെന്നിട്ടില്ല. വെല്ലുവിളികൾ ധാരാളം ഉണ്ടെങ്കിലും അതിലേറെ സാധ്യതകളാണ് ഇവിടെ. എന്നാൽ ദർശനവും സമർപ്പണവും ഉള്ളവർക്ക് മാത്രമേ കർത്താവിനായി ഇവിടെ പ്രയോജനപ്പെടുവാൻ കഴിയൂ. വ്യക്തമായ ദർശനത്തോടും സമർപ്പണത്തോടും 2009-ൽ ബിഹാർ മിഷന്റെ പ്രവർത്തനത്തിന് ആരംഭം കുറിച്ചു. 6 വർഷം പിന്നിടുമ്പോൾ നൂറുകണക്കിന് ആത്മാക്കളെ ക്രിസ്തുവിനായി നേടുവാൻ ബിഹാർമിഷന്റെ പ്രവർത്തനം മുഖാന്തിരം സാധ്യമായി.

2016-ൽ മാത്രം കൃപയാൽ 1000 (ആയിരം) പേർ വിശ്വാസസ്നാനം സ്വീകരിച്ച് ക്രിസ്തുവിനോട് ചേർന്നു. പതിമൂന്ന് ഇടങ്ങളിൽ സ്ഥലം മേടിച്ച് സഭാ ഹാളുകൾ പണിയുവാൻ ഇടയായി. രണ്ടിടങ്ങളിൽ (ത്യാരി, തുങ്കി) പണികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

സുവിശേഷകരെ വാർത്തെടുക്കുവാനായി ബൈബിൾ ട്രെയിനിംഗ് സെന്റർ ആരംഭിച്ചു. വിവിധ ഗ്രാമങ്ങളിലായി 2016-ൽ 50 കൺവൻഷനുകൾ, 10 മിഷൻ കോൺഫ്രൻസുകൾ, രണ്ട് ബാച്ച് മിഷനറി ട്രെയിനിംഗ്, 60 ഫിലിംഷോകൾ എന്നിവ നടത്തുവാൻ സാധിച്ചു. കൂടാതെ തണുപ്പു സമയത്ത് തെരുവുകളിൽ അന്തിയുറങ്ങുന്ന സാധുക്കളായ ആളുകൾക്ക് കമ്പിളി വിതരണം ചെയ്തു. പതിനഞ്ച് മിഷനറിമാർക്ക് സൈക്കിളും, പതിനഞ്ച് തയ്യൽമെഷീനുകളും വിതരണം ചെയ്തു. 8 സ്ഥലങ്ങളിൽ തയ്യൽ സ്കൂളുകൾ നടക്കുന്നു. രണ്ട് ഓർഫനേജുകളിലായി 40 കുട്ടികൾക്ക് അഭയം നൽകുന്നു. പ്രസ്ഥാനത്തിന്റെ ചുമതലയിൽ പത്തോളം ഗ്രാമീണ സ്കൂളുകൾ പ്രവർത്തിക്കുന്നു. ഇവാ. റെജി സാമുവേൽ, പാസ്റ്റർ ജെയ്സ് പാണ്ടനാട്, പാസ്റ്റർ സുജു ജോൺ, പാസ്റ്റർ എ. റ്റി. ജോസഫ്, ബ്രദർ ജിത്ത് ജോർജ്ജ്, പാസ്റ്റർ വിത്സൻ ജോസഫ് തുടങ്ങിയവർ ബിഹാർമിഷന്റെ സുവിശേഷപ്രവർത്തനങ്ങളിൽ സംബന്ധിച്ച് ശുശ്രൂഷ ചെയ്തു.

ഈ മിനിസ്ട്രിയുടെ പ്രവർത്തനങ്ങൾക്കായി പ്രാർത്ഥിക്കുകയും, പിന്തുണയ്ക്കുകയും ചെയ്യുന്ന എല്ലാ പ്രിയപ്പെട്ടവർക്കും ദൈവനാമത്തിൽ നന്ദി.

ബിഹാറിന്റെ വയലിലേക്ക് ഏവർക്കും സ്വാഗതം.

മിഷനറിമാരായി പ്രവർത്തിക്കുവാൻ താല്പര്യമുള്ളവർ ബന്ധപ്പെടുക.



പാ. അലക്സ് ജേക്കബ്



ഷെർവിൻ ജേക്കബ്

ADDRESS

Bihar Mission, Jamunapoor, Meyar P.O., Noorsarai, Nalanda (Dist), Bihar,
Phone: 9661116558, 7541877533
Youtube - Bihar Gospel Mission / Facebook-alexbihar shervinbihar
E-mail - alexbihar 2011@gmail.com




# ജീവൻ ജ്യോതി

പാരമ്പര്യ ഗൃഹചികിത്സ

കണ്ടത്തിൽപീടിക - കരുവൻചാൽ, ആലക്കോട്(വഴി) കണ്ണൂർ(ജില്ല), കേരളാ

Ph: 0460 2246214, www.jeevanjyothy.com, email@jeevanjyothy.com

ആയുർവ്വേദത്തിലെ ത്രിദോഷസിദ്ധാന്തം; പഞ്ചഭൂത സിദ്ധാന്തം ഇവയുടെ അടിസ്ഥാനത്തിൽ ആവിഷ്കൃതവും വികസിതവുമായ ചികിത്സാ രീതികൾ.... ആർഷഭാരതത്തിലെ അമൂല്യങ്ങളായ ഔഷധസസ്യങ്ങൾ കൊണ്ടുള്ള ചികിത്സാരീതികൾ.... മാറാരോഗങ്ങൾക്കുള്ള ഒറ്റമൂലി ചികിത്സകൾ...അൾസർ, പൈൽസ്, സോറിയാസിസ്, തീപ്പൊള്ളൽ തുടങ്ങിയവയ്ക്ക് ഫലപ്രദമായ പ്രത്യേക പച്ചമരുന്ന് ചികിത്സകൾ ലഭ്യമാണ്.

## ചികിത്സാ വിഭാഗങ്ങൾ

1 സുഖചികിത്സ
2 ഉഴിച്ചിൽ
3 പഞ്ചകർമ്മങ്ങൾ
4. നാഡീപിഴവുകൾ
5. മർമ്മ ചികിത്സ
6 നട്ടെല്ലിന്റെ ക്ഷതങ്ങൾ
7 നടുവേദന
8 കാൽമുട്ടുവേദന
9 സ്പോണ്ടിലോസിസ്
10 മൈഗ്രെയിൻ
11 കിഡ്നി സ്റ്റോൺ
12 മൂത്രാശയരോഗങ്ങൾ
13 അലർജി
14 വിട്ടുമാറാത്ത തലവേദന
15 താരൻ
16 മുടികൊഴിച്ചൽ
17 ആസ്മ
18 വെള്ളപ്പാണ്ട്
19 ലൈംഗിക ബലഹീനതകൾ

തുടങ്ങിയവയ്ക്ക് പാരമ്പര്യ ഗൃഹചികിത്സകൾ ലഭ്യമാണ്.

## "അനുഭവ സാക്ഷ്യങ്ങൾ മുഖമുദ്ര ആകുമ്പോൾ അവകാശവാദങ്ങൾ എന്തിന്?

*ദൈവനാമത്തിനു മഹത്വം!*

കർത്താവിൽ പ്രിയരെ, ദൈവകൃപയാൽ കഴിഞ്ഞ 40-ലധികം വർഷങ്ങളായി ദൈവത്തിലാശ്രയിച്ച് ആയുർവ്വേദ പാരമ്പര്യ ചികിത്സകൾ നടത്തി വരുന്നു.

മരണത്തെ മുഖാമുഖം കണ്ട് ജീവിതത്തിൽ ആശ അറ്റവരുടെ ആത്മികവും ശാരീരികവുമായ രോഗസൗഖ്യത്തിന് ജീവൻ ജ്യോതി പാരമ്പര്യ ചികിത്സാകേന്ദ്രം ആശ്വാസമേകുന്നു. മലയാളക്കരയിൽ നിന്നുമാത്രമല്ല പുറംനാടുകളിൽ നിന്നും വിദേശരാജ്യങ്ങളിൽ നിന്നും നിരവധി ആളുകൾ ജീവൻ ജ്യോതിയിലെ ചികിത്സ മൂലം രോഗസൗഖ്യം പ്രാപിച്ച് സാക്ഷികളായി ഇന്നും ജീവിക്കുന്നു. ഹാർട്ട് ബ്ലോക്ക് (9944378168), ലിവർ സിറോസിസ് + ക്യാൻസർ (9447581273) 8 ദിവസത്തിൽ കൂടുതൽ ജീവിച്ചിരിക്കില്ല എന്നു പറഞ്ഞ് ഡോക്ടർമാർ ഉപേക്ഷിച്ച് വിട്ടവർ ഇവിടുത്തെ ചികിത്സയുടെ ഫലമായി ഇന്നും സുഖമായിരിക്കുന്നു. സോറിയാസിസ് പാടുപോലുമില്ലാതെ സുഖം (9995401798) പ്രാപിക്കുന്നു. നടുവേദന, പ്രമേഹം, അലർജി, ആസ്തമ തുടങ്ങിയവയ്ക്ക് പാർശ്വഫലമില്ലാതെ ഇവിടെ ഫലപ്രദമായ ചികിത്സ ലഭ്യമാണ്.

ആയുർവേദത്തിലെ ത്രിദോഷസിദ്ധാന്തം, പഞ്ചഭൂത സിദ്ധാന്തം ഇവയുടെ അടിസ്ഥാനത്തിൽ ആവിഷ്കൃതവും, വികസിതവുമായ ചികിത്സാ രീതികൾ; ആർഷഭാരതത്തിലെ അമൂല്യ ഔഷധങ്ങൾ കൊണ്ടുള്ള പച്ചമരുന്നു ചികിത്സകൾ, പാരമ്പര്യ ഗൃഹചികിത്സയുടെ തനിമകൾ, തികച്ചും പ്രകൃതി രമണീയമായ ഭൂപ്രദേശത്ത് ഒരുക്കിയിരിക്കുന്ന മികച്ച താമസസൗകര്യവും ഭക്ഷണവും.

ജീവൻ ജ്യോതിയിലെ ചികിത്സ കൊണ്ട് സൗഖ്യമായവരുടെ അനുഭവസാക്ഷ്യങ്ങൾ ഈ പ്രസ്ഥാനത്തിന് ഊർജ്ജം പകരുന്നു. ജീവകാരുണ്യ പ്രവർത്തനങ്ങൾ, ക്രിസ്തീയ സഭാപ്രവർത്തനങ്ങൾക്ക് നൽകുന്ന സഹായം, ഹാന്റ് മൈക് വിതരണം തുടങ്ങി വിവിധ നിലകളിൽ മലബാറിലെ സഭകളുമായി ജീവൻ ജ്യോതി പാരമ്പര്യ ഗൃഹചികിത്സാലയം സഹകരിക്കുന്നു. ദൈവ കൃപയാൽ പ്രവർത്തനം മേൽക്കുമേൽ അനുഗ്രഹമായി നടക്കുവാൻ സർവ്വശക്തൻ സഹായിക്കുന്നു. കണ്ണൂരിലെ പൗരാവലി നല്ല വൈദ്യനായി പൊന്നാട നൽകി അംഗീകരിച്ചു. എല്ലാ ദൈവീക ദാനങ്ങൾക്കും ദൈവത്തോട് നന്ദി പറയുന്നു. മാനവും മഹത്വവും സർവ്വശക്തന്. തുടർന്നും ദൈവമക്കളുടെ പ്രാർത്ഥനയും സഹകരണവും ചോദിക്കുന്നു.

*ക്രിസ്തുവിൽ നിങ്ങളുടെ സഹോദരൻ*

**റ്റി. എ. ബാബു ഗുരുക്കൾ**

T.A.BABU GURUKAL
Reg. No. 1343
Mob: 9446771361
Office No: 9400391361



വിശ്വാസികളാൽ നടത്തപ്പെടുന്ന സ്ഥാപനം

MOB: 944736879, TEL: 0469 2666995
beljourn@gmail.com
beljourn.com/ www.bjournal.org
VOL 10, ISSUE 02

# BELIEVERS JOURNAL

PUBLISHED ON 30/01/2017

BELIEVERS JOURNAL
P. O. Box: 31, Manjadi P.O.,
Thiruvalla - 689 105

Posted at RMS Thiruvalla

RNI. NO. KERMAL/2008/26530 | POSTAL REG. NO. KL/TLA/225/2015-17 | Price: ₹10

"ഞങ്ങളോ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നു"

# ബഥേൽ പ്രയർ മിനിസ്ട്രി ചാരിറ്റബിൾ ട്രസ്റ്റ്

CHURCH OF GOD (FULL GOSPEL) IN INDIA
KERALA STATE

## ചർച്ച് ഓഫ് ഗോഡ് (ഫുൾ ഗോസ്പൽ) ഇൻ ഇൻഡ്യ കേരളാ സ്റ്റേറ്റ്

ഇഞ്ചക്കാട് ടൗൺ ചർച്ച്, ബഥേൽ ഹൗസ്, എം. സി. റോഡ്, കൊട്ടാരക്കര

### പ്രയർ മീറ്റിംഗുകൾ

സഭായോഗവും ആരാധനയും: ഞായർ 9am -12 pm
വിടുതൽ ശുശ്രൂഷ: ചൊവ്വാ 10 am -1 pm
ഉപവാസ പ്രാർത്ഥന: വെള്ളി 10 am -1 pm
(എല്ലാ മാസത്തിന്റെയും അവസാന വെള്ളി, ശനി ദിവസങ്ങളിൽ 10 am -1 pm ഉപവാസ പ്രാർത്ഥന നടത്തപ്പെടുന്നു)

ഓൾ നൈറ്റ് പ്രയർ: എല്ലാ മാസവും മൂന്നാം വെള്ളി രാത്രി 9 മണി മുതൽ



പാസ്റ്റർ വിജു ഡാനിയേൽ

കൂടുതൽ വിവരങ്ങൾക്ക് : പാസ്റ്റർ വിജു ഡാനിയേൽ, ഫോൺ 8075453033

# കൃപാ സ്റ്റീൽ ഇൻഡസ്ട്രീസ്

എം. സി. റോഡ്, ഏനാത്ത്
ഫോൺ: 9847740055 / 9745634693
Email: kripasteels@gmail.com

Distributers in Wholesale & Retail

DISTRIBUTERS IN: സ്റ്റെയിലൻസ് സ്റ്റീൽ പൈപ്പുകൾ, സ്ക്വയർ പൈപ്പുകൾ, ഷീറ്റുകൾ, കമ്പികൾ, ഡിസൈൻ ഗ്രില്ലുകൾ, ഡിസൈൻ പൈപ്പുകൾ, ബോളുകൾ, ഹോളോ ബോളുകൾ, ബോൾ സെറ്റുകൾ, ചെയിനുകൾ തുടങ്ങി എല്ലാവിധ സ്റ്റെയിലൻസ് സ്റ്റീൽ മെറ്റീരിയലുകളും ഫിറ്റിംഗ്സുകളും ഏറ്റവും കുറഞ്ഞ (ഹോൾ സെയിൽ & റീട്ടെയിൽ) നിരക്കിൽ വിൽക്കപ്പെടുന്നു.

### ബ്രാഞ്ചുകൾ

ടെലിഫോൺ എക്സ്ചേഞ്ചിന് എതിർവശം
കരവാളൂർ, പുനലൂർ ഫോൺ: 9747242766

കുരിശ്ശിൻമൂട് ജംഗ്ഷൻ ചെങ്കുളം,
ഓയൂർ ഫോൺ: 9656869868

# ദി ഇമ്മാനുവേൽ സ്റ്റീൽസ് & മെറ്റൽസ്

എം. സി. റോഡ്, ഏനാത്ത് ഫോൺ: 9645513061, Email: theimmanuelsteels@gmail.com

### ബ്രാഞ്ചുകൾ

പൂതക്കുഴി ജംഗ്ഷൻ, നെടിയവിള (പുത്തൂർ)
ഫോൺ: 8086876553

എം. സി. റോഡ്, കുരമ്പാല, പന്തളം
ഫോൺ: 9562285902

Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.